


# വരാപ്പുഴ ഇന്നോളം

**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി**

രൂപതകളുടെ മാതാവ് എന്ന ബഹുമതിപ്പേരിന് സർവദാ, സർവഥാ സമർഹയായ വരാപ്പുഴയുടെ നാൾവഴികൾ തിരയുമ്പോൾ, സ്വാഭാവികമായും നമുക്ക് ഭാരതത്തിലെ സഭയുടെ ഇതിഹാസകല്പമായ ചരിത്രം തേടേണ്ടിവരുന്നു. അതിന് അപ്പസ്തോലികകാലം വരെ നീളുന്ന സ്വേദക്ലേശലിപ്തമായ ഒരു ദീർഘ സഞ്ചാരം വേണ്ടിവരും.

ലോകമെങ്ങും സുവിശേഷം പ്രസംഗിക്കുകയെന്ന യേശുവാക്യം (മർക്കോ16:15) പിഞ്ചെന്ന് അപ്പോസ്തലന്മാർ ദേശാന്തരങ്ങൾ താണ്ടി. അങ്ങനെ ഇവിടെ ക്രിസ്തുശിഷ്യൻ തോമസ് ക്രിസ്തുകാലം 52-ൽ മാല്യങ്കരയിൽ കപ്പലിറങ്ങിയെന്നും ഇവിടെക്കണ്ട ബ്രാഹ്മണരെ സ്നാനപ്പെടുത്തിയെന്നും ഏഴരപ്പള്ളികൾ സ്ഥാപിച്ചുവെന്നുമാണു പാരമ്പര്യം. ഇതിനു ചരിത്രപരമായ പിൻബലമില്ലെന്നു വാദിക്കുന്ന പണ്ഡിതന്മാരുണ്ട്. പക്ഷേ, നമുക്ക് ചരിത്രവിശ്വാസത്തോളംതന്നെ അസ്ഥിബലമുള്ള പാരമ്പര്യങ്ങളെയും പലപ്പോഴും ആശ്രയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട്, തോമസിന്റെ പ്രേഷിതയത്നങ്ങളെയും മൈലാപ്പൂരിലെ രക്തസാക്ഷിത്വത്തെയും പാടേ അവിശ്വസിക്കാതിരിക്കുക. മറ്റൊരു ക്രിസ്തുശിഷ്യൻ ബർത്തലോമിയയുടെ, ഏതാണ്ടിതേ കാലത്തെ വിശ്വാസപ്രചാരണസംരംഭങ്ങളെയും നിശങ്കുശബുധ്യാ, ആത്മനാ അംഗീകരിച്ചാദരിക്കുകയുമാവാം.

തോമസ് അപ്പോസ്തലന്റെ തിരോധാനത്തിനു ശേഷം ഇവിടത്തെ ക്രൈസ്തവസമൂഹം എങ്ങനെ പുലർന്നു എന്നതിനെക്കുറിച്ച് ചരി

ത്രകാരന്മാർക്കുതന്നെ അത്ര തിട്ടംപോരാ. എന്നാൽ ഈ സമൂഹം തങ്ങളുടെ വിശ്വാസവെളിച്ചം തീർത്തും അണഞ്ഞുപോകാത്തവിധം കഴിഞ്ഞിട്ടുണ്ടാവണം. വാണിജ്യപ്രാധാന്യമേറെയുള്ള നമ്മുടെ തീരദേശപട്ടണങ്ങളിൽ കാലാകാലങ്ങളിലെത്തിയ അന്യദേശീയരായ സഞ്ചാരികളുടെ കുറിപ്പുകളിൽ, ഇവിടെ അങ്ങിങ്ങു ചില ക്രൈസ്തവസമൂഹങ്ങളെ കണ്ടെത്തിയവിവരം രേഖപ്പെടുത്തിയിട്ടുണ്ട്. മലബാറിലെ ക്രിസ്ത്യാനികളും കച്ചവടക്കപ്പലുകളിൽ ഇവിടെയെത്തിച്ചേർന്ന പേർഷ്യൻ സഭാധികാരികളുമായുണ്ടായിരുന്ന ബന്ധത്തെപ്പറ്റിയും ഇവിടെ പരാമർശങ്ങളുണ്ട്.

എ.ഡി. 345-ൽ മധ്യപൗരസ്ത്യദേശത്തു നിന്ന് വാണിജ്യാർഥം, മഹാദേവർപട്ടണമെന്നറിയപ്പെടുന്ന ഇന്നത്തെ കൊടുങ്ങല്ലൂർ പ്രദേശത്ത് 72 സിറിയൻ കുടുംബങ്ങളുമായി കപ്പലിറങ്ങിയ ക്നായിത്തൊമ്മൻ എന്ന വർത്തകപ്രമാണിയെപ്പറ്റി കൃത്യമായ ചരിത്രരേഖകളുണ്ട്. ചേരമാൻ പറമ്പിൽ, ചേരമാൻ പെരുമാളിന്റെ കൊട്ടാരത്തിനു തെക്കുഭാഗത്തുതാമസിച്ചതുകൊണ്ട് ക്നായിത്തൊമ്മനെയും കൂട്ടരെയും 'തെക്കുംഭാഗക്കാർ' എന്നു വിളിച്ചു. വടക്കുഭാഗത്തുതാമസിച്ചിരുന്ന ഇവിടത്തെ പഴയ ക്രിസ്ത്യാനികളുമായി അവർക്ക് ബന്ധമേതുമുണ്ടായിരുന്നില്ല. ക്നായിത്തൊമ്മനും സംഘത്തിനും പേർഷ്യൻസഭയുമായും അവരുടെ ആരാധനാഭാഷയായ സുറിയാനിയുമായും ഉണ്ടായിരുന്ന ബന്ധത്തെപ്പറ്റി 'ക്രിസ്ത്യൻ ടോപ്പോഗ്രഫി' എന്ന യാത്രാവിവരണക്കുറിപ്പിൽ കോസ്മസ് ഇൻഡിക്കോപ്ലെയ്റ്റ്സ് വിവരിക്കുന്നുണ്ട്. പിന്നീട് ഒമ്പതാം നൂറ്റാണ്ടിന്റെ ഉദയഘട്ടത്തിൽ ഇവിടെ സബരീശോ എന്ന വർത്തകപ്രമാണി വന്നുചേർന്നു. പ്രബലരായ സബരീശോയെയും കൂട്ടരെയും കൊല്ലത്തു കുടിയിരുത്തുന്നത് രാജ്യരക്ഷയ്ക്കു ഗുണം ചെയ്യുമെന്നറിഞ്ഞ വേണാട്ടരചൻ സ്ഥാണുരവി അവർക്ക് നിരവധി ആനുകൂല്യങ്ങൾ അനുവദിച്ചു. അതിനെയാണ് 'തരിസാപ്പള്ളി ശാസനം' എന്നു വിളിക്കുന്നത് (എ.ഡി. 849). ഇതുവഴി ലഭിച്ച ആനുകൂല്യങ്ങൾ ഇടപ്രഭുക്കൾ, നാടുവാഴികൾ, നാട്ടരചന്മാർ വരെയുള്ള സ്ഥാനങ്ങൾക്ക് അന്നത്തെ ക്രിസ്ത്യാനികൾക്ക് അവസരമൊരുക്കി. ഇതിനു സമാനമായ സൗകര്യങ്ങൾ കൊടുങ്ങല്ലൂർ പ്രദേശത്തെ ക്രിസ്ത്യാനികൾക്കും ക്രമേണ ലഭിക്കുന്നുണ്ട്. എന്നാൽ, സബരീശോയുടെ പിൻഗാമികൾക്ക് പേർഷ്യൻസഭയുമായുണ്ടായിരുന്ന ബന്ധംവഴിയായി സുറിയാനിആരാധനക്രമവും നെസ്തോറിയൻ പാഷണ്ഡതയും ഓഹരിയായിക്കിട്ടി. കേരളത്തിലെ മാർ തോമാ ക്രിസ്ത്യാനികളുടെ സിംഹഭാഗത്തിനും ഈ നെസ്തോറിയൻ പൈതൃകം ജന്മാവകാശം പോലെ കൈമാറിക്കിട്ടി. മലബാറിൽ മൊത്തം ദീർഘകാലം ഈ മതാത്മക അപചയം രൂഢമൂലമാകുകയും ചെയ്തു. ക്രിസ്തുവിന് വിഭിന്നങ്ങളായ രണ്ടു വ്യക്തിത്വങ്ങളുണ്ടെന്നാണ് നെസ്തോറിയൻസിദ്ധാന്തം, പഠിപ്പിക്കുന്നത്. ദൈവപുത്രനായ ക്രിസ്തു ദൈവമാണ്; എന്നാൽ നസ്രായക്കാരനായ ക്രിസ്തു മനുഷ്യനാണ്. അതിനാൽ, പരിശുദ്ധമറിയം ദൈവമായ ക്രിസ്തുവിന്റെ മാതാവല്ല, മനുഷ്യനായ ക്രിസ്തുവിന്റെ മാത്രം മാതാവാണ്. കത്തോലിക്കാസഭയുടെ അടിസ്ഥാനപരമായ വിശ്വാസ സത്യങ്ങൾക്കും പഠനങ്ങൾക്കും എതിരായ ഈ വാദമാണ് നെസ്തോറിയസിന്റെ പഠനങ്ങളുടെ കാതൽ. നിർഭാഗ്യകരമെന്നുപറയട്ടെ, ഈ നെസ്തോറിയൻ സിദ്ധാന്തം മലബാറിൽ മുഴുവൻ വ്യാപിച്ചിരുന്നു. പോർച്ചുഗീസുകാർ മലബാറിലെത്തുന്ന 1498 കാലഘട്ടത്തിൽ ഇവ്വിധം കലുഷമായ വിശ്വാസമാണ് കേരള ക്രിസ്ത്യാനികളിൽ രൂഢിയായിരുന്നത്. എന്നാൽ, റോമൻ കത്തോലിക്കാ തത്ത്വസംഹിതകളുടെ സുഭദ്രമായ അടിത്തറയിൽ കെട്ടിപ്പൊക്കിയ പോർച്ചുഗീസ്മിഷണറിബോധ്യങ്ങൾക്ക് ഒരു തരത്തിലും ഇതുമായി പൊരുത്തപ്പെടാൻ കഴിയുമായിരുന്നില്ലല്ലോ. പക്ഷേ, ഇതിനെതിരേ ഫലപ്രദമായ നടപടികൾ കൈക്കൊള്ളാൻ പോർച്ചുഗീസുകാർക്ക് പലകാരണങ്ങളാലും പതിറ്റാണ്ടുകൾ തന്നെ കാത്തിരിക്കേണ്ടിയുംവന്നു. നെസ്തോറിയൻപാഷണ്ഡത വേരോടെ തുടച്ചുമാറ്റാനും ഇവിടത്തെ നാമമാത്ര ക്രിസ്ത്യാനികളെ സാർവത്രിക കത്തോലിക്കാസഭയുടെ മടിത്തട്ടിൽ സുരക്ഷിതമായി കുടിയിരുത്താനും വേണ്ടി കർമധീരനും യുഗപ്രഭാവാനുമായ ഗോവാ ആർച്ചുബിഷപ് ഡോ. അലക്സിസ് മെനേസിസ് നടത്തിയ മഹിതയജ്ഞമാണ് ചരിത്രപ്രസിദ്ധമായ 1599-ലെ 'ഉദയംപേരൂർ സൂനഹദോസ്'. കേരളസഭയുടെ ഭാവിഭാഗധേയങ്ങൾ അടിമുടി മാറ്റിക്കുറിച്ച ഈ മതമഹാസംഗമം ചരിത്രത്തിന്റെ അവിഭക്തഭാഗമായി പരിണമിക്കുകയായിരുന്നു.

കൊച്ചിക്കു കിഴക്കുള്ള ഉദയംപേരൂരിൽ 1599 ജൂൺ 20 മുതൽ 26 വരെ തീയതികളിൽ നടന്ന

സൂനഹദോസ് അന്നത്തെ അങ്കമാലി രൂപതയുടെ വിശ്വാസിസംഗമമാണ്. അങ്കമാലി രൂപതാധ്യക്ഷൻ മാർ അബ്രാഹം കാലംചെയ്തപ്പോൾ, അതിന്റെ കൂടി ചുമതല സഭാത്മകമായി അധികാരപ്പെട്ട ഗോവാ ആർച്ചുബിഷപ് അലക്സിസ് മെനേസിസ് ഏറ്റെടുക്കുന്നു. നെസ്തോറിയൻ പാഷണ്ഡതയിൽ മുങ്ങിത്താണ കേരളസഭയെ പുനഃസ്നാനപ്പെടുത്താൻ ദൈവഗത്യാകൈവന്ന അവസരമായി ഇതിനെ മെത്രാപ്പോലീത്ത കണ്ടു. മലബാറിൽ സന്ദർശനത്തിനെത്തിയ അദ്ദേഹം ഉടനീളം സഞ്ചരിച്ച് അനുകൂലാന്തരീക്ഷം സൃഷ്ടിച്ചു. ഇങ്ങനെ കൃത്യമായ ഭൂമികാസജ്ജീകരണത്തിനു മേലാണ്, ജലയാത്രാസൗകര്യം ഏറെയുള്ള ഉദയംപേരൂരിൽ സൂനഹദോസ് വിളിച്ചു ചേർത്തത്. 153 കത്തനാരന്മാർ, 660 അല്മായർ, പോർച്ചുഗലിലും കൊച്ചിയിലും നിന്നുള്ള ചില നിരീക്ഷകർ എന്നിവരുൾപ്പെടെ 832 പേർ ഇതിൽ സംബന്ധിച്ചു. സുവിശദവും കൂലങ്കഷവുമായ ചർച്ചകൾക്കുശേഷം ഇവിടെ കൈക്കൊണ്ട 265-ഓളം തീർപ്പുകളാണ് സൂനഹദോസിന്റെ 'കാനോനകൾ' എന്നറിയപ്പെടുന്നത്. വിളിപ്പെട്ട ചരിത്രകാരനും മെത്രാപ്പോലീത്തയുടെ സന്തത സഹചാരിയുമായ ഫാ. ഗുവയ ഇവയെല്ലാം 'ജൊർണാദ' എന്ന വിശ്രുതഗ്രന്ഥത്തിൽ കുറിച്ചിട്ടുണ്ട്. മതാത്മകവും സഭാത്മകവും സാമൂഹികവുമായ അടയാളപ്പെടുത്തലുകളായ ഈ കാനോനകൾ പരക്കേ ചർച്ചചെയ്യപ്പെട്ടവയാണ്. സാമൂഹികനവോത്ഥാനത്തിന്റെ ഉണർത്തുപാട്ടായി ഇത് വാഴ്ത്തപ്പെടുന്നു. തീണ്ടലും തൊടീലും ആഭിചാരവൃത്തികളും കൂടോത്രവും മദ്യാസക്തിയും വെപ്പാട്ടിസമ്പ്രദായവും കൊള്ളപ്പലിശയും കള്ളത്തൂക്കവും വരെ സൂനഹദോസ് വിലക്കി. പരിശുദ്ധ റോമൻ പാപ്പായുടെ ആധ്യാത്മികനിയന്ത്രണത്തിലും നിയമത്തിലും കേരളസഭയെ സുസ്ഥാപിതമാക്കി. ചുരുക്കത്തിൽ, സഭയിൽ അച്ചടക്കപൂർണമായ ക്രമവത്കരണത്തിന്റെയും സമൂഹത്തിൽ സർവാദൃതമായ സമഭാവനയുടെയും തുല്യനീതിയുടെയും മാഗ്നാകാർട്ട (അവകാശാധികാരപത്രിക) യായി ഉദയംപേരൂർ സൂഹദോസ് നിജപ്പെട്ടു.

കേളസഭയുടെ ആധ്യാത്മികശിരോലിഖിതം അപ്പാടേ തിരുത്തിയെഴുതിയെങ്കിലും സൂനഹദോസ് ഒരു വിഭാഗം മാർതോമാ ക്രിസ്ത്യാനികൾക്ക് പൊറുക്കാൻ മടിക്കുന്ന മുറിപ്പാടായി. തങ്ങളുടെ തനിമയും വ്യക്തിത്വവും ഏകപക്ഷീയമായും ദുരുപദിഷ്ടമായും കവർന്നു വാരിയെടുത്ത കടുത്ത വഞ്ചനയുടെ മുഴുത്ത ദൃഷ്ടാന്തമായി അത് ചിലരുടെ ഉറക്കം കെടുത്തി. അങ്കമാലി അതിരൂപതയെ കേവലം ഒരു രൂപതയായി തരംതാഴ്ത്തി. അതിനെ ഗോവാ അതിരൂപതയുടെ സാമന്തരൂപതയാക്കി മാറ്റി. ജസ്യൂത്തനായ ഡോ. ഫ്രാൻസിസ് റോസിനെ മെത്രാനാക്കിയതും മാർതോമാക്രിസ്ത്യാനികൾക്ക് തീർത്തും അസ്വീകാര്യമായി.

പൗരസ്ത്യസഭയിൽപ്പെട്ട മെത്രാനെക്കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇവിടത്തെ മാർതോമാക്കാർ പൗരസ്ത്യസഭാധ്യക്ഷന്മാർക്ക് നിവേദനം സമർപ്പിച്ചു കാത്തിരിക്കുകയായിരുന്നു. ഈ തക്കംനോക്കി, 1652-ൽ മധ്യേഷ്യയിൽ നിന്നുപുറപ്പെട്ട മാർ അഹത്തള്ളയെന്ന തന്ത്രശാലി, തന്നെ പാപ്പാ അയച്ചതാണെന്നവകാശപ്പെട്ടുകൊണ്ട് കയറിക്കൂടാൻ നടത്തിയ ശ്രമങ്ങൾ ഗോവയിലെ അധികാരികൾ തടഞ്ഞു. അഹത്തള്ളയെക്കാത്ത് മട്ടാഞ്ചേരിത്തീരത്തു കാത്തുനിന്ന മാർതോമാക്രിസ്ത്യാനികൾ, അഹത്തള്ളയെ പോർച്ചുഗീസുകാർ കടലിൽ മുക്കിക്കൊന്നു എന്ന വ്യാജവാർത്തയാണു കേട്ടത്. ക്ഷുഭിതരായ അവർ, തീരത്തെ കുരിശിൽ ആലാത്തുകെട്ടി, വിഘടനപ്രതിജ്ഞ എടുത്തു. അതാണ് കുപ്രസിദ്ധമായ കൂനൻ കുരിശുശപഥം. 1653 ജനുവരി മൂന്നിന്റെ വെള്ളിയാഴ്ചയായിരുന്നു ഈ ദുരന്തസംഭവം. ആ വർഷം മെയ് 22-ാം തീയതി ആലങ്ങാട്ടു സമ്മേളിച്ച് വിഘടനവാദികളിൽപ്പെട്ട 12 സുറിയാനി കത്തനാരന്മാർ, ഒരാളെപ്പിടിച്ചു മെത്രാനാക്കി. അതൊരു സഭാപിളർപ്പിന്റെ തുടക്കമായിരുന്നു. ആ തീവ്രവാദി സംഘം 'പുത്തൻ കൂറ്റുകാർ' എന്നറിയപ്പെട്ടു. അതിനോടു യോജിക്കാതിരുന്നവരാകട്ടെ, റോമിലെ പാപ്പായോടു വിധേയത്വം തുടർന്നുകൊണ്ട് മുന്നോട്ടു പോയി. അവരാണ് 'പഴയകൂറ്റുകാർ'. അങ്ങനെ കേരളസഭയിൽ എമ്പാടും കാലുഷ്യം പടരുകയായിരുന്നു.

കൂനൻകുരിശുശപഥത്തിനും ക്രമവിരുദ്ധമായ ആലങ്ങാട്ടെ കൈവയ്പുശുശ്രൂഷയ്ക്കും ശേഷം കേരളസഭാന്തരീക്ഷം ആകെ കലങ്ങിമറിഞ്ഞു. എന്നാൽ അപ്പോൾ മുതൽ തന്നെ, സമാധാനകാംക്ഷികളും ഐക്യദാഹികളുമായ പഴയകൂറ്റുകാർ പരിഹാരമാർഗം തേടി റോമായുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. സമ

യത്തിന്റെ പൂർണതയിൽ റോമാ പ്രശ്നനിവാരണത്തിനു ശ്രമമാരംഭിച്ചു. അങ്ങനെയാണ് കർമലീത്തരായ ഫാ. ജോസഫ് സെബാസ്ത്യാനിയുടെയും ഫാ. ഹയാസിന്തിന്റെയും നേതൃത്വത്തിൽ രണ്ടുസംഘങ്ങൾ യഥാക്രമം കരമാർഗമായും കടൽമാർഗമായും 1656 ഫെബ്രുവരിയിൽ അലക്സാണ്ടർ ഏഴാമൻ പാപ്പായുടെ നിർദേശാനുസരണം, മലബാറിലേക്ക് കമ്മിസറിമാരായി പുറപ്പെടുന്നത്. കരമാർഗം പോന്ന സെബാസ്ത്യാനിയും സംഘവും 1657 ഫെബ്രുവരി 22-ാം തീയതിയും കടൽമാർഗം പുറപ്പെട്ട ഹയാസിന്തും കൂട്ടരും 1658 മാർച്ച് 10-ാം തീയതിയും മലബാറിലെത്തി.

സുഗമമായിരുന്നില്ല സെബസ്ത്യാനിയുടെ അനുരഞ്ജനയത്നങ്ങൾ. തോമാ ആർച്ച്ഡീക്കനും കൂട്ടരും വിഘാതങ്ങളും കുത്സിതവൃത്തികളും പലതു നടത്തി. എന്നാൽ കർമധീരനായ സെബസ്ത്യാനിയാകട്ടെ, അവ ഓരോന്നായി പൊളിച്ചടുക്കി. അദ്ദേഹം ജനങ്ങളെ സത്യം ബോധ്യപ്പെടുത്തി. അഹത്തള്ള വ്യാജനായിരുന്നു എന്നദ്ദേഹം തെളിവുകൾ നിരത്തി സ്ഥാപിച്ചു. വാസ്തവം ഗ്രഹിച്ച വിശ്വാസികൾ മട്ടാഞ്ചേരിയിൽത്തന്നെ സമ്മേളിച്ച് സത്യസഭയിലേക്കു മടങ്ങി. ഇത് ചരിത്രത്തിന്റെ ചാക്രിക പരിക്രമമായിരിക്കാം!

മലബാർസഭയിൽ നിലനിന്നിരുന്ന പ്രതിസന്ധികൾ പരിഹരിച്ചശേഷം, അതെപ്പറ്റി പരിശുദ്ധ സിംഹാസനത്തിനു റിപ്പോർട്ടു നല്കാൻ 1658 ജനുവരി 7-ാം തീയതി ഫാ. സെബസ്ത്യാനി റോമായിലേക്കു മടങ്ങി. താൻ ഭരമേറ്റ ദൗത്യം ദൈവകൃപയാൽ സമ്യക്കായി പരിഹരിക്കാൻ കഴിഞ്ഞു എന്ന ചാരിതാർഥ്യത്തോടെ ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടായിരുന്നു മടക്കം.

സെബസ്ത്യാനിയുടെ റിപ്പോർട്ട് വിശദമായി പഠിച്ച റോമായാകട്ടെ, കാര്യത്തിന്റെ ഗൗരവവും നിജസ്ഥിതിയും യാഥാർഹം പഠിച്ച് തത്ക്ഷണം തീരുമാനമെടുക്കുകയാണ്. മലബാറിനുമാത്രമായി പുതിയൊരു വികാരിയാത്ത് സ്ഥാപിക്കുക എന്നതായിരുന്നു പാപ്പായുടെ തീരുമാനം. അങ്ങനെ 1659 ഡിസംബർ മൂന്നാം തീയതി അലക്സാണ്ടർ ഏഴാമൻ പാപ്പാ മലബാർവികാരിയാത്തു സ്ഥാപിച്ച് പ്രഥമ വികാരി അപ്പസ്തോലിക്കയായി ഡോ. ജോസഫ് സെബസ്ത്യാനിയെത്തന്നെ നിയമിക്കുകയും ചെയ്തു. ഡിസംബർ 15-ാം തീയതി, അത്രയൊന്നും പരസ്യസ്വഭാവത്തിലായിരുന്നില്ല, മെത്രാഭിഷേകം. പോർച്ചുഗീസുകാരുടെ പാദ്രുവാദോ അധികാരപരിധിയിൽ വരുന്ന മലബാറിൽ പുതിയൊരു അപ്പസ്തോലികനിയമനം നടത്തുന്നതുമൂലമുണ്ടായേക്കാവുന്ന അസ്വസ്ഥതകളൊഴിവാക്കാനായിരുന്നു ഈ പക്വസമീപനം. 1661 മേയ് 14-ാം തീയതി കൊച്ചിയിലെത്തിയ ഡോ. സെബസ്ത്യാനി ചുമതലയേറ്റു. ഡോ. ഗാർസ്യ ദിവംഗതനായതോടെ സെബസ്ത്യാനിയെ കൊടുങ്ങല്ലൂർ രൂപതയുടെ അഡ്മിനിസ്ട്രേറ്ററുമാക്കി. അങ്ങനെ അദ്ദേഹം മലബാർ മുഴുവനുമുള്ള ലത്തീൻ-സുറിയാനി വിശ്വാസിസമൂഹത്തിന്റെ പൊതു ഇടയനായി.

തന്റെ ദൗത്യം ഇനിയും പൂർത്തിയായിട്ടില്ല എന്ന ബോധ്യത്തോടെയായിരുന്നു ഡോ. സെബസ്ത്യാനിയുടെ സ്ഥാനാരോഹണം. രണ്ടു വർഷം തികയുന്നതിനുമുമ്പേ അടുക്കും ചിട്ടയുമുള്ള ഒരു ആധ്യാത്മികശുശ്രൂഷ സാധ്യമാക്കിയതുമാണ്. പക്ഷേ, അത് അധികം നീണ്ടുനിന്നില്ല. 1663-ൽ പോർച്ചുഗീസുകാരെ തുരത്തി ഡച്ചുകാർ കൊച്ചി പിടിച്ചടക്കി. അവരാകട്ടെ, കടുത്ത കത്തോലിക്കാവിരോധികളായ കാല്വനിസ്റ്റുകളായിരുന്നു. തന്മൂലം പല പള്ളികൾക്കും അവർ തീയിട്ടു. കത്തോലിക്കാമിഷണറിമാർ കൊച്ചി വിട്ടുപോകണമെന്ന കർക്കശനിലപാടും സ്വീകരിച്ചു. വിദേശകോയ്മകളുടെ അധികാരനഷ്ടം സർവസാധാരണമായിരുന്ന അക്കാലത്ത് ഈ സംഭവം പുതുമയില്ലാത്ത ഒന്നാണല്ലോ. സ്ഥാനമൊഴിയുന്നതിനുമുമ്പ് സെബസ്ത്യാനിമെത്രാൻ തന്റെ പിൻഗാമിയായി തദ്ദേശീയ വൈദികനായ പറമ്പിൽ ചാണ്ടി കത്തനാരെ അലക്സാണ്ടർ ദെ കാംപോ എന്ന പേരിൽ 1663 ജനുവരി 31-ന് അഭിഷേകം ചെയ്തു. തുടർന്ന് റോമിലേക്കു മടങ്ങിയ സെബസ്ത്യാനിമെത്രാൻ അവിടെ പല സേവനങ്ങളും ചെയ്തശേഷം 1668 ഒക്ടോബർ 15-ന് കാലം ചെയ്തു. മിഷണറിമാർ കൊച്ചിവിട്ടൊഴിയണമെന്ന നിലപാടിൽ ഡച്ചുകാർ ഉറച്ചുനിന്നതിനെത്തുടർന്ന് ഗത്യന്തരമില്ലാതെ മിഷണറിമാർ പോയെങ്കിലും ചിലർ തന്ത്രപൂർവം ഉൾനാടുകളിൽ തങ്ങി പ്രേഷിതവേലകൾ അഭംഗം തുടർന്നുപോന്നു സെബസ്ത്യാനി മെത്രാന്റെ കാലത്തുതന്നെ റോമിൽ നിന്നുപോന്ന മത്തേവൂസ്പാദ്രി അങ്ങനെ ഇവിടെ തുടരുന്നുണ്ടായിരുന്നു അദ്ദേഹമാകട്ടെ, ഇതിനിടയിൽ മലബാറിലെ വനമേഖലകളിൽ സഞ്ചരിച്ച് സസ്യശാ

സ്ത്രബന്ധിയായ ഗവേഷണം നടത്തുന്നതിനും സമയം കണ്ടെത്തിയിരുന്നു. അമൂല്യമായ വിവരങ്ങൾ ശേഖരിച്ച്, ചിത്രങ്ങൾ വരച്ചു ചേർത്ത് അദ്ദേഹം തയ്യാറാക്കിയ 'ഹോർത്തൂസ് മലബാറിക്കൂസ്' എന്ന സസ്യശാസ്ത്രഗ്രന്ഥം കൈവശം സൂക്ഷിച്ചിരുന്നു. അന്ന് കൊച്ചിയിൽ അധികാരിയായിരുന്ന ഡച്ച് ഗവർണർ വാൻ റീഡ് സസ്യശാസ്ത്രതത്പരനായിരുന്നതിനാൽ, മത്തേവൂസ് പാദ്രി അദ്ദേഹത്തെ സന്ദർശിച്ച് താനെഴുതിയ പുസ്തകം സമർപ്പിച്ചു. വാൻ റീഡ് ഈ അമൂല്യഗ്രന്ഥം ആംസ്റ്റർഡാമിൽ അച്ചടിപ്പിച്ചു പുറത്തിറക്കുന്നുമുണ്ട്. സംപ്രീതനായ ഗവർണർ അനുവാദം നല്കിയതിനെത്തുടർന്ന് മത്തേവൂസ്പാദ്രി പണിയിച്ച കേരളത്തിലെ പ്രഥമ മിഷണറി ദേവാലയമാണ് 1673-ൽ ചാത്യാത്ത് ഉയർന്നുവന്ന കർമല മാതാവിന്റെ പള്ളി. വാൻ റീഡിനെ പ്രീതിപ്പെടുത്തി, ആവർഷം തന്നെ വരാപ്പുഴയിലും ഒരു ദേവാലയം നിർമിക്കാൻ മത്തേവൂസ് പാദ്രിക്കു കഴിയുന്നുണ്ട്. അതാണ് മലബാറിലെ കർമലീത്താഭരണസിരാകേന്ദ്രമായി പിന്നീടു പരിണമിച്ച വരാപ്പുഴ കർമലമാതാ -സെന്റ് ജോസഫ് ദേവാലയം. പുണ്യചരിതരായ പല മിഷണറിമാരും മെത്രാന്മാരും പില്ക്കാലത്തു സംസ്കരിക്കപ്പെട്ടതും അവിടെത്തന്നെ.

1663 മുതൽ 1687 വരെ 24 വർഷക്കാലം അലക്സാണ്ടർ ദെ കാംപോമെത്രാൻ വരാപ്പുഴ ഭരിച്ചു. മെത്രാൻപദവി കുടുംബവാഴ്ചയാക്കി മാറ്റാൻ അദ്ദേഹം ശ്രമിച്ചുനോക്കിയതാണ്. സഹോദരീപുത്രനെ അവരോധിക്കാനായിരുന്നു അദ്ദേഹത്തിന്റെ വിഫലശ്രമം.

തുടർന്ന് സ്ഥാനമേറ്റ യൂറേഷ്യനായ റാഫേൽ ഫിഗരേദോ ഭരണവൈകല്യങ്ങളാൽ ഏവർക്കും അസ്വീകാര്യനായി. കിട്ടിയ പരാതികളിൽ കഴമ്പുണ്ടെന്നു മനസ്സിലാക്കിയ റോമാ അദ്ദേഹത്തെ സ്ഥാനത്തു നിന്നു നീക്കി. 1695-ൽ നിര്യാതനായ അദ്ദേഹം തെക്കൻ പള്ളിപ്പുറത്തു സംസ്കരിക്കപ്പെട്ടു. തുടർന്ന് നിയോഗിക്കപ്പെട്ട ഗോവാ സ്വദേശി ബിഷപ് കുസ്റ്റോഡിയസ് ഡി പിന്റോ ചുമതലയേല്ക്കും മുമ്പേ മരണമടഞ്ഞു.

തുടർന്ന് മലബാർ വികാരിയാത്തിൽ നാഥനില്ലാത്ത ഒരു അവസ്ഥ സംജാതമായി. ഈ തക്കം നോക്കി പുത്തൻകൂറ്റുകാർ പത്തിപൊക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. ഇതു മനസ്സിലാക്കിയ ക്ലെമെന്റ് പതിനൊന്നാമൻ പാപ്പാ മറ്റൊരു കർമലീത്തനെത്തന്നെ ഇവിടെ നിയമിച്ചു. അങ്ങനെ സെബസ്ത്യാനിക്കുശേഷം വീണ്ടും ഒരു കർമലീത്താസഭാംഗം വരാപ്പുഴയിൽ ചുമതലയേറ്റു. ആഞ്ചലോ ഫ്രാൻസിസ് എന്ന ഈ മെത്രാൻ (1700-1712) മലയാളത്തിന് മറക്കാനാവാത്ത സംഭാവനനല്കിയ മഹാനാണ്. ഭാഷയ്ക്ക് ആദ്യമായി ഒരു വ്യാകരണഗ്രന്ഥവും ശബ്ദകോശവും എഴുതിയുണ്ടാക്കിയത് അദ്ദേഹമാണ്. 'ഗ്രമാത്തിച്ചേ ലിംഗ്വേ വുൾഗാരിസ് മലബാറിച്ചേ' എന്നാണ് ആ മഹിത സംഭാവനയുടെ പേര് . 1712 ഒക്ടോബർ 17-ന് ദിവംഗതനായ അദ്ദേഹം വരാപ്പുഴയിൽത്തന്നെ സംസ്കരിക്കപ്പെട്ടു.

പിന്നീട് ജോൺ ബാപ്റ്റിസ്റ്റ് മുൾത്തേദി (1714-1718) സ്ഥാനമേറ്റു. ഇദ്ദേഹവും ഒരു ഭാഷാപണ്ഡിതനായിരുന്നു. വ്യാകരണരചനയും നടത്തിയിട്ടുണ്ട്. ബിഷപ് ഫ്ളോറൻസ് (1747-1750), ബിഷപ് ഫ്രാൻസിസ് ഡി സാലസ് (1775-1780), ബിഷപ്പായി നാമനിർദേശം ചെയ്യപ്പെട്ടെങ്കിലും 1780-ൽ നിര്യാതനായ ഫാ. ജോൺമേരി, ബിഷപ് അലോഷ്യസ് മേരി (1784-1802), ബിഷപ് റെയ്മണ്ട് (1808-1816), ബിഷപ് മിലെസ് പെന്റർഗാസ്റ്റ് (1819-1828), ബിഷപ് മൗറേലിയസ് സ്റ്റബിലീനി (1828-1831), ആർച്ചു ബിഷപ് ഫ്രാൻസിസ് സേവ്യർ പെസേറ്റോ (1831-1844), ആർച്ച് ബിഷപ് ലുദിവിക്കോ മർത്തീനി (1839-1859), മഹാമിഷണറിയെന്നു ശ്രുതിപ്പെട്ട ആർച്ചുബിഷപ് ബെർണഡീൻ ബച്ചിനെല്ലി - ഇദ്ദേഹമാണ് മഞ്ഞുമ്മൽ കർമലീത്താസഭ, സിടിസി സന്ന്യാസിനീസഭ എന്നിവ സ്ഥാപിച്ചതും പള്ളിയോടനുബന്ധിച്ച് പള്ളിക്കുടം വേണമെന്നുകാണിച്ച് ഇടയലേഖനമിറക്കിയതും - (1853-1868) എന്നീ മെത്രാന്മാരും വരാപ്പുഴ ഭരിച്ചു.

1679-ൽ മലബാർ വികാരിയാത്ത് എന്നു പേരുവിളിക്കപ്പെട്ട ഈ അപ്പസ്തോലിക വികാരിയാത്ത്, 1709-ൽ വരാപ്പുഴ വികാരിയാത്ത് എന്ന് പുനർനാമകരണം ചെയ്യപ്പെടുകയുണ്ടായി. 1886 സെപ്തംബർ ഒന്നിനാണ് വരാപ്പുഴ അതിരൂപതയായി ഈ ഭദ്രാസനം ഉയർത്തപ്പെട്ടത്. അക്കാലത്തെ വികാർ അപ്പസ്തോലിക്കായ ബിഷപ് ലെയൊനാർഡോ മെല്ലാനോ അതോടെ വരാപ്പുഴയുടെ പ്രഥമ മെട്രോപ്പോലിറ്റൻ ആർച്ചുബിഷപ്പായി. സുഭഗസ്മരണാർഹനായ ലിയോ 13-ാമൻ പാപ്പായാണ് 'ഹൂമാനേ സാലുത്തിസ് ഔക്തോർ' എന്ന തിരുവെഴുത്തുവഴി

വരാപ്പുഴയെ അതിരൂപതയായി പ്രഖ്യാപിച്ചത്. 1877-ൽ മർസലിൻ ബെരാർദിമെത്രാനെ വരാപ്പുഴയുടെ പ്രഥമ സഹമെത്രാനായി നിയമിച്ചു. ആർച്ചുബിഷപ് മെല്ലാനോ 1897 ഓഗസ്റ്റ് 19-ന് സ്വർഗപ്രാപ്തനായി.

1896 ജനുവരി 11-ന് ബെർണാർഡ് ആർഗിൻ സോണിസ് വരാപ്പുഴ മെത്രാപ്പോലീത്തയായി. ഡോ. മെല്ലാനോയുടെ മരണത്തെത്തുടർന്ന് 1897-ൽ മെത്രാപ്പോലീത്തയായ ക്രാന്തദർശിയായ അദ്ദേഹമാണ് വരാപ്പുഴ ദ്വീപിൽ നിന്ന് ഭദ്രാസനആസ്ഥാനം എറണാകുളം മഹാനഗരത്തിലേക്ക് 1904-ൽ മാറ്റിസ്ഥാപിച്ചത്. ഈ ദീർഘവീക്ഷണം എത്ര പുകഴ്ത്തിയാലും മതിയാകുന്ന ഒന്നല്ല. എറണാകുളത്തിന് വന്നുചേരാനിരിക്കുന്ന വാണിജ്യ-വ്യവസായ-സാംസ്കാരികമേഖലകളിലെ വൻപുരോഗതി മുൻകൂട്ടി അഭിദർശിച്ചുകൊണ്ടായിരുന്നു ചരിത്രപ്രസിദ്ധമായ ഈ ആസ്ഥാനമാറ്റം. സുവിശേഷപ്രചാരണവും ബന്ധപ്പെട്ട പ്രേഷിതയത്നങ്ങളും പ്രഥമ പരിഗണനയായിരുന്ന അദ്ദേഹമാണ് കോട്ടയം പ്രദേശത്തെ മലയോരമേഖല കേന്ദ്രീകരിച്ച് വിജയപുരം രൂപതയ്ക്ക് അസ്തിവാരമിട്ടത്. പ്രായാധിക്യം കൊണ്ടും രോഗാക്രമണങ്ങൾ കൊണ്ടും പരീക്ഷീണനായ അദ്ദേഹം 1919-ൽ സ്ഥാനമൊഴിഞ്ഞ് പാലസ്തീനായിലേക്ക് മടങ്ങി. അവിടെ ശാന്തപ്രശാന്തമായ കർമലമലയിൽ കർക്കശമായ താപസജീവിതം നയിച്ചുവരവേ 1933-ൽ ദിവംഗമിച്ചു.

തുടർന്ന് അതേവർഷം ഡോ. ഏഞ്ചൽമേരി പെരെസ് സെസീലിയാ വരാപ്പുഴ അതിരൂപതാധ്യക്ഷനായി. വിശാലമനസ്കനും ദീർഘവീക്ഷണപടുവും ഉദാരവാനുമായിരുന്നു ഏഞ്ചൽമേരി പിതാവ്. അതിരൂപതയിലെ വൈദികാർഥികളുടെ എണ്ണം ക്രമേണ വർധമാനമായി. സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി കളമശ്ശേരി മേഖലയിലും മറ്റുമായി വിപുലമായ രീതിയിൽ ഭൂമി വാങ്ങി കൃഷിയാരംഭിച്ചു. സമർഥരായ വൈദികാർഥികളെ റോമിലും മറ്റു വിദേശങ്ങളിലും ഉപരിപഠനത്തിനയച്ചു. ജോസഫ് അട്ടിപ്പേറ്റിയെന്ന യുവാവിനെ റോമിലെ പ്രൊപ്പഗാന്താ കോളെജിലേക്കും ജോർജ് കാട്ടാശ്ശേരിയെ അഞ്ചേലിക്കും കോളെജിലേക്കുമയച്ചു. അതിരൂപതാംഗങ്ങളായ വൈദികരെ ഉയർന്ന ഉദ്യോഗങ്ങളിൽ നിയമിക്കുകയുമുണ്ടായി. ഫാ. ജോർജ് കൂർസ് അറയ്ക്കലിനെ കൂരിയയുടെ അധികാരിയാക്കി. തുടർന്ന് കൂർസച്ചനെ വികാർ ജനറലാക്കുന്നുമുണ്ട്. മാറ്റത്തിന്റെ കാഹളധ്വനികേട്ട് അവസരത്തിനൊത്തുയർന്ന ഏഞ്ചൽ മേരി പിതാവ് അതിരൂപതാധികാര കൈമാറ്റത്തെക്കുറിച്ചും ചിന്തിച്ചു. ധീരമായിരുന്നു ആ തീരുമാനം. അങ്ങനെ1932 നവംബർ 29-ാം തീയതി ഡോ. ജോസഫ് അട്ടിപ്പേറ്റിയെ പിന്തുടർച്ചാവകാശമുള്ള കോ- അഡ്ജൂത്തർ ബിഷപ്പായി പരിശുദ്ധ സിംഹാസനം നിയമിച്ചു. അതിനുമുമ്പ് അട്ടിപ്പേറ്റിയച്ചനെ സെക്രട്ടറിയും ചാൻസലറുമായി ഏഞ്ചൽമേരി ചുമതലയേല്പിച്ചിരുന്നതാണ്. ഏഞ്ചൽമേരി പിതാവ് 1934-ൽ സ്ഥാനമൊഴിഞ്ഞപ്പോൾ ഡിസംബർ 21-ാം തീയതി അട്ടിപ്പേറ്റി പിതാവ് വരാപ്പുഴയുടെ പ്രഥമ ഏതദ്ദേശീയ മെത്രാപ്പോലീത്തയായി ഭരണഭാരമേറ്റു. അന്ന് അദ്ദേഹം ലോകത്തിലെ തന്നെ ഏറ്റവും പ്രായം കുറഞ്ഞ ആർച്ചുബിഷപ്പായിരുന്നു. 36 വർഷം കഴിഞ്ഞ് 1970 ജനുവരി 21-ന് മഹച്ചരമം പ്രാപിക്കുമ്പോൾ ഏറ്റവും കൂടുതൽ കാലം അതിരൂപതാധ്യക്ഷനായിരുന്ന ഖ്യാതിയും അദ്ദേഹത്തിന് സ്വന്തമായി. സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ ക്രിപ്റ്റിലാണ് പൂജ്യാവശിഷ്ടങ്ങൾ ഭദ്രപ്രതിഷ്ഠ ചെയ്തിരിക്കുന്നത്.

മൂന്നര പതിറ്റാണ്ടിലേറെക്കാലം നീണ്ട അട്ടപ്പേറ്റിയുഗം വരാപ്പുഴയെ സംബന്ധിച്ചേടത്തോളം അവിസ്മരണീയമാണ്. അതിരൂപതയുടെ നവയുഗശില്പിയായി അദ്ദേഹം വാഴ്ത്തപ്പെടുന്നു. 'എല്ലാവർക്കും എല്ലാമായിത്തീരുക' എന്നതായിരുന്നു അദ്ദേഹത്തിന്റെ ആദർശവാക്യം. അതദ്ദേഹം നേടി. അതിരൂപതയിലെ മുഴുവൻ കുടുംബങ്ങളും നേരിട്ടെത്തി സന്ദർശിക്കാൻ കഴിഞ്ഞ അധ്യക്ഷനാണദ്ദേഹം. 1947 മുതൽ 1966 വരെയുള്ള വർഷങ്ങൾക്കിടയിലാണ് ഇതദ്ദേഹം പൂർത്തിയാക്കിയത്. ആധുനിക വരാപ്പുഴഅതിരൂപതയുടെ ജനയിതാവായ അദ്ദേഹത്തിന്റെ കാലത്ത് 1946-ൽ സെന്റ് ആൽബർട്സ് കോളെജ്, 1964-ൽ ആലുവ സെന്റ് സേവ്യേഴ്സ് കോളെജ്, 1965-ൽ കളമശ്ശേരി സെന്റ് പോൾസ് കോളെജ് എന്നിവ സംസ്ഥാപിതമാകുകയുണ്ടായി. സാങ്കേതികപഠനം മുന്നിൽക്കണ്ടു പണികഴിപ്പിച്ചതാണ് കളമശ്ശേരി എൽ.എഫ്. എഞ്ചിനീയറിങ് ഇൻസ്റ്റിറ്റ്യൂട്ട്. അവിഭക്ത വരാപ്പുഴ അതിരൂപതയിലെ തുരുത്തിപ്പുറം ജൂബിലി മെമ്മോറിയൽ ആശുപത്രി, പച്ചാളം ലൂർദ് ആശുപത്രി, മരട് മൂത്തേടം പി. എസ്. മിഷൻ ആശുപത്രി, അഗതിസേവനം

മുൻനിർത്തി ചാത്യാത്ത് ബഥേൽ, എറണാകുളം ഹൗസ് ഓഫ് പ്രോവിഡൻസ് എന്നിവയും അട്ടിപ്പേറ്റിയുടെ സംഭാവനകളാണ്.

സമുദായോന്നമനം ലക്ഷ്യമാക്കി 1957-ൽ കേരളടൈംസ് ദിനപത്രമാരംഭിച്ചതും അട്ടിപ്പേറ്റി പിതാവുതന്നെ. 1876-ലെ സത്യനാദം പാക്ഷികപത്രം പുനർജീവിപ്പിച്ചതാണത്.

വിശ്വാസജീവിതത്തിൽ അജഗണങ്ങളെ സ്ഥിരപ്പെടുത്തുക എന്നതിനോടൊപ്പം വിദ്യാഭ്യാസരംഗത്തു ജനങ്ങളെ ഉന്നമിപ്പിക്കേണ്ടതാണെന്നും അട്ടിപ്പേറ്റി പിതാവ് വിശ്വസിച്ചു. മിഷണറിമാർ സ്ഥാപിച്ച സെന്റ് ആൽബർട്സ് ഹൈസ്കൂൾ, അന്നു മുതൽ കോളെജായി ഉയർത്താൻ അവർ പരിശ്രമിച്ചതാണ്. വിജയിക്കാതെ കിടന്ന ആ പ്രോജക്ട്, പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നടപ്പാക്കാൻ അദ്ദേഹം വ്രതമേറ്റു. എന്നാൽ ആ നിർദേശം തന്നെ തള്ളപ്പെടുന്ന ദുരവസ്ഥയാണ് അതിരൂപതാ ഉപദേശകസമിതി പോലും മുന്നോട്ടു വച്ചത്. പക്ഷേ, അട്ടിപ്പേറ്റി സ്ഥിതപ്രജ്ഞനായിരുന്നു. കോളെജു പോലുള്ള സ്ഥാപനം പടുത്തുയർത്താൻ ലക്ഷങ്ങൾ ചെലവിടേണ്ടിയിരുന്നു. പാവപ്പെട്ട അതിരൂപതയുടെ ഈ സ്വപ്നം ദൃഢനിശ്ചയത്തോടെ സഫലമാക്കാൻ അദ്ദേഹം കഠിനാധ്വാനം ചെയ്തു. നാട്ടികനത്തുനിന്നും വിദേശത്തുനിന്നും പണം സ്വരൂപിച്ചു. അങ്ങനെ 1946 ജൂലൈ 16-ാം തീയതി കർമ്മലമാതാവിന്റെ തിരുനാളിൽ സെന്റ് ആൽബർട്സ് കോളെജ് യാഥാർഥ്യമായി. പിന്നീടദ്ദേഹം പെൺകുട്ടികൾക്കുവേണ്ടി സി.ടി.സി. സഭയുടെ പേരിൽ 1964-ൽ ആലുവയിലും ഒരു കോളെജാരംഭിച്ചു. അടുത്തവർഷം കളമശ്ശേരിയിൽ സെന്റ് പോൾസ് കോളെജിനും തുടക്കമിട്ടത് ആവേശദായകമായ ചരിത്രം.

ലൂർദ് ഹോസ്പിറ്റലിന്റെ സമാരംഭവും അട്ടിപ്പേറ്റിയുടെ ക്രാന്തദർശിതയ്ക്കു ദൃഷ്ടാന്തമാകുന്നു. നഗരസീമയ്ക്കുപുറത്ത് സാധാരണൻമാർക്കു സംപ്രാപ്യമായൊരു ആരോഗ്യനികേതനം വേണ്ടിയിരിക്കുന്നു. അന്ന് അവികസിതപ്രദേശമായിരുന്ന പച്ചാളം-വടുതല മേഖലയിൽ ആശുപത്രി സ്ഥാപിക്കാൻ തുടങ്ങുമ്പോൾ, അതിൽ കടുത്ത യുക്തിഭംഗമാണ് പലരും ദർശിച്ചത്. 1965 ഓഗസ്റ്റ് ഒന്നിന് 60 കിടക്കകളോടെ ആരംഭിച്ച ലൂർദ് ആശുപത്രി ഇന്ന് 650 കിടക്കകളുള്ള, നിരവധി വൈദ്യശാസ്ത്ര ശാഖകളുള്ള കേരളത്തിലെ ഒന്നാംകിട മൾട്ടി സ്പെഷ്യാലിറ്റി ആതുരശുശ്രൂഷാകേന്ദ്രമായി വികസിച്ചിരിക്കുന്നു.

1876-ൽ വിദേശ കർമലീത്തരുടെ നേതൃത്വത്തിൽ മഞ്ഞുമ്മൽ കർമലീത്താ സഭാംഗമായ ഫാ. ലൂയിസ് വൈപ്പിശ്ശേരിയുടെ പത്രാധിപത്യത്തിൽ കൂനമ്മാവിൽ തുടക്കമിട്ട സത്യനാദകാഹളം ഒരു സമുദായജിഹ്വയായി ഉയർത്തിയെടുക്കാൻ അട്ടിപ്പേറ്റി പിതാവിനു കഴിഞ്ഞു. 1957-ൽ കേരളടൈംസ് എന്ന പേരിൽ ദിനപത്രമാക്കി. സത്യനാദം അങ്ങനെ കേരളടൈംസിന്റെ ഞായറാഴ്ചപ്പതിപ്പാക്കി. പിന്നീടതു നിലച്ചുപോയെങ്കിലും ലത്തീൻസമൂഹത്തിന്റെ പൊതു ജിഹ്വയായി അത്രയും കാലം കേരള ടൈംസ് പിടിച്ചു നിന്നുവല്ലോ.

പ്രായം എഴുപത്താറായിരുന്നെങ്കിലും അട്ടിപ്പേറ്റി പിതാവിന്റെ വിയോഗം ആകസ്മികമായിരുന്നു എന്നു പറയാം. ലൂർദ് ഹോസ്പിറ്റലിൽ വച്ചായിരുന്നു 1970 ജനുവരി 21-ൽ ആ മഹച്ചരമം. സി.ബി.സി.ഐ.യുടെ സമ്പൂർണ സംഗമത്തിന് വരാപ്പുഴ ആതിഥേയത്വമരുളിയപ്പോൾ, അതിന്റെ മുഴുവൻ തിരക്കുകളുമേല്പിച്ച തീവ്രാഘാതങ്ങളായിരിക്കാം, വേർപാടിന്റെ ആസന്നകാരണം.

അട്ടിപ്പേറ്റി പിതാവിനെത്തുടർന്ന് വരാപ്പുഴ അതിഭദ്രാസനത്തിന്റെ ചുമതലയേല്ക്കുന്നത് നിരവധി ഉന്നതബിരുദങ്ങളുടെ ഉടമയായ അഭിവന്ദ്യ ജോസഫ് കേളന്തറ പിതാവാണ്. 1918-ൽ പനങ്ങാട് സെന്റ് ആന്റണീസ് ഇടവകയിൽ ജനിച്ച അദ്ദേഹം കാനൻനിയമം, സാമൂഹികശാസ്ത്രം എന്നിവയിൽ റോമിൽ നിന്ന് ഗവേഷണബിരുദം നേടി. നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം കുറച്ചുകാലം ആർച്ചുബിഷപ് അട്ടിപ്പേറ്റിയുടെ സെക്രട്ടറിയായി. തുടർന്ന് അമേരിക്കയിൽ പഠിച്ച് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദം നേടിയ അദ്ദേഹം സെന്റ് ആൽബർട്സ് കോളെജിൽ പ്രൊഫസറായി.. അപ്പോഴദ്ദേഹം ആലുവ മംഗലപ്പുഴ സെമിനാരിയിൽ നിയമിക്കപ്പെട്ടു. അവിടെ വൈസ് റെക്ടറായിക്കേയാണ് വരാപ്പുഴ അതിരൂപതാധ്യക്ഷനായി നിർദേശിക്കപ്പെട്ടത്. 1971 ഏപ്രിൽ 8-ന് അധികാരമേറ്റു.

അതിരൂപതയുടെ സമഗ്രവികസനത്തിന് അട്ടിപ്പേറ്റി പിതാവുചെയ്തകാര്യങ്ങൾ പൂർത്തീകരിക്കാനാണ് കേളന്തറ പിതാവ് ആദ്യം ശ്രമിച്ചത്. എറണാകുളത്തെ പൊതുപരിപാടികളിലും

സാംസ്കാരികവേദികളിലും അദ്ദേഹം സജീവ മായ അനിവാര്യ സാന്നിധ്യമായിരുന്നു. ജോൺ പോൾ രണ്ടാമൻ പാപ്പായുടെ 1986-ലെ കേരള സന്ദർശനത്തിന്റെ മുഖ്യചുമതലക്കാരൻ അദ്ദേ ഹമായിരുന്നു. അതൊരു വൻവിജയമായി. തുടർന്ന് അതിരൂപതയുടെ ശതാബ്ദിയും അവിസ്മരണീയമാക്കി.

ഒരു പൊതുസംസ്കൃതിയുടെ ഭാഗമാക്കി അതിരൂപതയെ പ്രതിഷ്ഠിക്കാൻ കേളന്തറ പിതാവ് ദൃഢനിശ്ചയം ചെയ്തു. ദേശീയ നേതാക്കളുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കാൻ അദ്ദേഹം ശ്രദ്ധവച്ചു. രാഷ്ട്ര ത്തിന്റെ മുഖ്യധാരയിൽ അതിരൂപത ഉണ്ടായി രിക്കണമെന്ന് അദ്ദേഹം ചിന്തിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങളിൽ നിന്നു പ്രചോദനമുൾക്കൊണ്ട അദ്ദേഹം അല്മായരെ സഭാപ്രവർത്തനങ്ങളിൽ ഉൾ ച്ചേർക്കാൻ ഏറെ യത്നിച്ചു. യുവജനങ്ങളെ അദ്ദേഹം അത്രമേൽ സ്നേഹിക്കുകയും വിശ്വാസത്തിലെടുക്കുകയും ചെയ്തിരുന്നു. യുവജനങ്ങൾക്ക് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു ഐക്യനിര അദ്ദേഹം അഭിദർശിച്ചു. അങ്ങ നെയുണ്ടായതാണ് അതിരൂപതാ കത്തോലി ക്കായുവജനപ്രസ്ഥാനം. പിന്നീടത് കെ.സി. വൈ.എം. ആയി വളർന്നുവന്നു. കെ.സി.വൈ. എം. എന്ത്? എന്തിന്? എന്ന പേരിൽ അദ്ദേഹം പുറത്തിറക്കിയ മാർഗരേഖ, അത്തരത്തിൽ ഇന്നും എല്ലാവർക്കും പ്രമാണരേഖയായി നില കൊള്ളുന്നു. കത്തോലിക്കാനേതൃവാസന പോഷിപ്പിക്കാനും അവകാശങ്ങളെക്കുറിച്ചു സമുദായാംഗങ്ങളെ ബോധവത്കരിക്കാനും കെ.എൽ.സി.എ.എന്ന സംഘടനയെ പ്രാപ്ത മാക്കി. അല്മായ ശക്തിമത്കരണം അദ്ദേഹ ത്തിന്റെ പ്രിയപ്പെട്ട മുദ്രാവാക്യമായിരുന്നു.

സംഗീതജ്ഞനും കലാകാരനുമായിരുന്നു കേളന്തറപിതാവ്. കലകളെയും കലാപ്ര വർത്തകരെയും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു. അവരെ പ്രോത്സാഹിപ്പിക്കാൻ സന്നദ്ധനുമായി രുന്നു. അദ്ദേഹം സ്ഥാപിച്ച സി.എ.സി. ദേവാ ലയസംഗീതമേഖലയിലും ശുദ്ധസംഗീത വേദികളിലും പുതിയ തരംഗമായിരുന്നുവല്ലോ. പ്രശസ്ത ഭക്തിഗാനരചയിതാവായ മൈക്കിൾ പനക്കലച്ചന്റെയും ജോബ് & ജോർജ് ടീമി ന്റെയും നേതൃത്വത്തിൽ സി.എ.സി. പ്രശസ്തി യുടെയും അഭിനന്ദനങ്ങളുടെയും കൊടുമുടി കൾ കീഴടക്കിയതോർക്കുക. കേളന്തറപിതാ വാണ് അതിരൂപതാ മാധ്യമവിഭാഗത്തിന്റെയും വിചാരവേദിയുടെയും സ്ഥാപകൻ. നിരവധി ദേവാലയങ്ങൾ അതിരൂപതയിൽ അദ്ദേഹം പുതുക്കിപ്പണിയുകയോ പുതുതായിപ്പണിയി ക്കുകയോ ചെയ്തു. വാസ്തുശില്പവിദ്യ യിലെ വിസ്മയമായി നമ്മുടെ കത്തീഡ്രൽ ദേവാലയം പുനർനിർമിച്ചതും അദ്ദേഹം തന്നെ. പുണ്യവാനായ ജോൺ പോൾ പാപ്പായ്ക്ക് 1986 ഫെബ്രുവരി 8,9 തീയതിക ളിൽ അതിമെത്രാസനമന്ദിരത്തിൽ ആതിഥേയ ത്വമേകാനും കേളന്തറപിതാവിനു നിയോഗമു ണ്ടായി. 1986 ഒക്ടോബർ 19-ന് മിഷൻ ഞായ റാഴ്ചയാണ് ഏവരെയും ദുഃഖത്തിലാഴ്ത്തി ക്കൊണ്ട് കേളന്തപിതാവ് കാലം ചെയ്തത്.

1979-ൽ വരാപ്പുഴയ്ക്ക് പ്രഥമ തദ്ദേശീയ സഹ മെത്രാനായി ബിഷപ് ആന്റണി തണ്ണിക്കോട്ട് ചുമതലയേറ്റു. മിഷണറി മെത്രാപ്പോലീത്ത മെല്ലാനോയുടെ പിന്തുടർച്ചാവകാശമുള്ള സഹമെത്രാൻ ഡോ.മർസലീനുശേഷം, വരാ പ്പുഴയുടെ രണ്ടാമത്തെ സഹായമെത്രാനായി ചുമതലയേറ്റ ബിഷപ് ആന്റണി തണ്ണിക്കോട്ട്, കാലഘട്ടം കണ്ട ഏറ്റവും മികച്ച ദൈവ ശാസ്ത്ര പണ്ഡിതനായിരുന്നു. ജർമനിയിലെ ഇൻസ്ബ്രൂക്കിൽ വിശ്രുതനായ കാൾ റാണ രുടെ പ്രിയ വിദ്യാർഥിയായിരുന്നു തണ്ണിക്കോട്ട് പിതാവ്. ധന്യ പൈതൃകമുള്ള കൂനമ്മാവിന്റെ മാനസപുത്രൻ. മംഗലപ്പുഴയിലെ പ്രായം കുറഞ്ഞ തദ്ദേശ റെക്ടർമാരിൽ ഒരാളായി രുന്നു അദ്ദേഹം. അവിടെ നിന്നാണ് 1978 മാർച്ച് 11-ന് വരാപ്പുഴ സഹായമെത്രാനായി നിയോഗ മേല്ക്കുന്നത്. അഞ്ചുവർഷക്കാലം മാത്രമേ മഹിതമായ ആ അജപാലനശുശ്രൂഷ നമുക്കു ലഭ്യമായുള്ളൂ. അതിരൂപതയ്ക്കും കേരളസഭ യ്ക്കും നിറഞ്ഞ സ്വപ്നശതങ്ങൾ സമ്മാനിച്ച അദ്ദേഹം തികച്ചും ആകസ്മികമായി നമ്മിൽ നിന്നു യാത്രയായി. 1984 ഫെബ്രുവരി 24-ാം തീയതി വെള്ളിയാഴ്ചയായിരുന്നു ആ ദുർവഹ വിയോഗം. ചരമാനുശോചനപ്രഭാഷണത്തിൽ, മങ്കുഴിക്കരി പിതാവു പറഞ്ഞതെത്ര ശരി: "മേഘജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലി കാമ്യം!"

കേളന്തറപ്പിതാവിനെത്തുടർന്ന് വരാപ്പുഴ അതി രൂപതയുടെ ഭരണസാരഥ്യമേല്ക്കുന്നത് മഹാ പണ്ഡിതനും കവിയും ദാർശനികനുമായ ആർച്ചുബിഷപ് കൊർണേലിയൂസ് ഇലഞ്ഞി ക്കലാണ്. 1971-ൽ ആർച്ചു ബിഷപ് കേളന്തറ യോടൊപ്പം മെത്രാഭിഷിക്തനായ അദ്ദേഹം വിജയപുരം രൂപതയുടെ പ്രഥമ ഏതദ്ദേശീയ

മെത്രാനായി ചുമതലയേറ്റു. വിജയപുരത്തിന് നവജീവൻ സമ്മാനിക്കുകയിരുന്നു അദ്ദേഹമെന്നു പറയാം. മുഖ്യധാരയിൽ നിന്ന് എങ്ങനെയോ വിഭക്തമായി പാർശ്വവത്കരിക്കപ്പെട്ടുപോയ വിജയപുരത്തെ ബഹുഭൂരിപക്ഷം വരുന്ന വിശ്വാസിസമൂഹത്തെയും സ്നേഹച്ചരടിൽ വീണ്ടും ഒപ്പം കൂട്ടുകയായിരുന്നു അദ്ദേഹം. മലനാടും ഇടനാടും കായലോരവും ചേർന്ന അതിവിശാലമായ വിജയപുരം അദ്ദേഹം പുതുക്കിപ്പണിയുകയായിരുന്നു. കാടും മേടും കയറിയിറങ്ങി അജഗണങ്ങളുടെ 'വലിയ സാമി'യായി അദ്ദേഹം മാറി. പുതുക്രിസ്ത്യാനികളെന്നു വിളിക്കപ്പെട്ടിരുന്ന അവരെ ദൃഢവിശ്വാസി ക്രിസ്ത്യാനികളാക്കി അദ്ദേഹം മാറ്റിയെടുത്തു. അധഃസ്ഥിതരെന്ന അർഥശൂന്യമായ സംബോധനത്തിന്റെ അബദ്ധയുക്തി അദ്ദേഹം ചോദ്യം ചെയ്തു. പാവപ്പെട്ടവരെ വിശേഷാവസരങ്ങളിലും തിരുനാളുകളിലും മെത്രാസനമന്ദിരത്തിലേക്കു ക്ഷണിച്ചുവരുത്തി അവർക്കു വിരുന്നുവിളമ്പി, അവരോടൊപ്പം തമാശകൾ പറഞ്ഞിരുന്നു ഭക്ഷിച്ചു. പോകാൻ തുടങ്ങുമ്പോൾ കൊച്ചുകൊച്ചു സമ്മാനങ്ങൾ നല്കി. അവരത് അമൂല്യനിധികളായിക്കണ്ട് ആത്മാവോടു ചേർത്തുവച്ചുസൂക്ഷിക്കും.

വരാപ്പുഴ ആർച്ചുബിഷപ്പായി കൊർണേലിയൂസ് പിതാവ് ചുമതലയേറ്റത് 1987 മാർച്ച് 19-നാണ്. യൗസേപ്പിതാവിനു സമർപ്പിതമായ അതിരൂപതയിൽ യൗസേപ്പിതാവിന്റെ സ്മരണത്തിരുനാളിൽ ശുശ്രൂഷതുടങ്ങുന്നതിന്റെ സാംഗത്യം അദ്ദേഹം നന്നായറിഞ്ഞിരുന്നു. അദ്ദേഹം വന്നതോടെ അതിരൂപതയിൽ നവമായൊരു ആധ്യാത്മിക ഉണർവു സംജാതമായി. നഗരത്തിനുള്ളിലാണെങ്കിലും നഗരബഹളങ്ങളിൽ നിന്ന് നിശ്ശേഷം മുക്തമായി നില്ക്കുന്ന ഒരേടത്ത് അതിരൂപതാ അജപാലനകേന്ദ്രം ആശീർഭവൻ അദ്ദേഹം പടുത്തുയർത്തി. അനുഗ്രഹങ്ങളുടെ ഭവനം എന്നർഥം വരുന്ന 'ആശീർഭവൻ' എന്ന് അതിനു നാമകരണം ചെയ്തു. ധ്യാനങ്ങൾക്കും കോഴ്സുകൾക്കും സെമിനാറുകൾക്കും പറ്റിയ ഓഡിറ്റോറിയങ്ങളും മറ്റു സംവിധാനങ്ങളുമൊരുക്കി. അതിമനോഹരമായൊരു ചാപ്പലും സജ്ജമാക്കി. താമസയോഗ്യമായ കുറെ മുറികളും ഓഫീസ് മുറികളും അവിടെ തുറന്നു. ശുശ്രൂഷചെയ്യുന്ന സി.ടി.സി. കന്യാസ്ത്രീകൾക്കുവേണ്ടി ഒരു കോൺവെന്റും അവിടെയുണ്ട്.

നിത്യോപയോഗത്തിനുള്ള ഉപഭോക്തൃവസ്തുക്കൾ, ഗുണനിലവാരം സൂക്ഷിച്ചുകൊണ്ടും ചൂഷണമുക്തമായും ന്യായവിലയ്ക്കും ലഭ്യമാക്കാൻ സൗകര്യപ്രദമായ ഒരു വ്യാപാരനിലയം 'ആശിസ്സ് സൂപ്പർ മെർക്കാത്തോ' തുടങ്ങിയതും അദ്ദേഹം തന്നെ. ശുശ്രൂഷയിൽ നിന്നു വിരമിച്ചശേഷം കാക്കനാട്ടുള്ള വില്ലാ സുക്കോർസോയോടു ചേർന്ന് ലളിതമായ രീതിയിൽ പണികഴിപ്പിച്ച ആർച്ചുബിഷപ്സ് വില്ലയിൽ പ്രാർഥനയിലും വായനയിലും ഏറെ പ്രിയപ്പെട്ട ഭക്തിഗാനരചനയിലുമായി ജീവിതസായാഹ്നം കഴിച്ചുകൂട്ടി. പിതാവിന്റെ ഉപദേശങ്ങളും നിർദേശങ്ങളും സാന്ത്വനവചസ്സുകളും തേടി നിരവധിപേർ എന്നുമെപ്പോഴും അവിടെ വന്നുചേരും. സാമൂഹികസാംസ്കാരിക-രാഷ്ട്രീയ മേഖലയിലുള്ളവരും പരിപക്വമായ ഉപദേശം തേടി അവിടെയെത്തുമായിരുന്നു 1996 ഓഗസ്റ്റ് 5-ന് വിരമിച്ച കൊർണേലിയൂസ് പിതാവ് 2011 ഓഗസ്റ്റ് 7-ാം തീയതി വിലമതിയാത്ത നിത്യസമ്മാനത്തിനു യാത്രയായി.

കൊർണേലിയൂസ് പിതാവ് നിതാന്തയശസ്കരനായി മാറുന്നത്, വരാപ്പുഴ അതിരൂപതയുടെ വടക്കൻ മേഖല വിഭജിച്ച് കോട്ടപ്പുറം രൂപത സ്ഥാപിച്ചതുവഴിയാണ്. 1986-ൽ വരാപ്പുഴ അതിരൂപതയുടെ ശതാബ്ദിയാഘോഷവേളയിൽ, അഭിവന്ദ്യ കേളന്തറപിതാവ് ആത്മാവിൽ വിഭാവനം ചെയ്ത ഈ വിഭജനകാര്യം യാഥാർഥ്യമാക്കിയത് കൊർണേലിയൂസ് പിതാവിന്റെ ഭരണകാലത്താണ്. അവിഭക്ത വരാപ്പുഴ അതിരൂപതയുടെ സെന്റ് അംബ്രോസ് എടവനക്കാട് ഇടവകയ്ക്കപ്പുറം വടക്ക് തൃശൂർ അതിരൂപതാതിർത്തിവരെ വ്യാപിച്ചു കിടക്കുന്ന കോട്ടപ്പുറം രൂപതയുടെ പ്രഥമ ബിഷപ്പായി കോട്ടപ്പുറം ഇടവകാംഗമായ മോൺ. ഫ്രാൻസിസ് കല്ലറയ്ക്കലിനെ 1987 ഒക്ടോബർ 4-ാം തീയതി കൊർണേലിയൂസ് പിതാവ് അഭിഷേകം ചെയ്തു. കേരള ലത്തീൻ സഭയുടെ നാൾവഴികളിൽ ഇതിഹാസഗരിമയോടെ ഈ നവീനാധ്യായം എഴുതിച്ചേർക്കാൻ നിയോഗമുണ്ടായത്, കോട്ടപ്പുറം രൂപതയിലെ കാര കർമലമാതാ ഇടവകാംഗം കൂടിയായ കൊർണേലിയൂസ് പിതാവിനായിരുന്നു എന്നത് അനന്യസൗഭഗമാർന്ന ഒരു പുണ്യാനുഭവം തന്നെ.

കൊർണേലിയൂസ് പിതാവ് വിരമിച്ചപ്പോൾ വരാപ്പുഴ അതിരൂപതാധ്യക്ഷനായി നിയുക്തനായത് മഞ്ഞുമ്മൽ കർമലീത്താസഭാംഗമായ ഡോ. ഡാനിയേൽ അച്ചാരുപറമ്പിലാണ്. 1996 നവംബർ മൂന്നിനായിരുന്നു സ്ഥാനാരോഹണം. പ്രമുഖനായ ഒരു വിദ്യാഭ്യാസ വിചക്ഷണൻ എന്ന ഖ്യാതി റോമിൽ അദ്ദേഹത്തിനു സ്വന്തമായിരുന്നു. പ്രശസ്തമായ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ, ഇവിടത്തെ വൈസ് ചാൻസലർ പദവിക്കു തുല്യമായ റെക്ടോർ മാഞ്ഞൂസ് എന്ന നിലയിൽ ഒന്നിലേറെ തവണ അദ്ദേഹം സേവനമനുഷ്ഠിച്ചിരുന്നു. ഇതിനു നിയുക്തനായ പ്രഥമ ഏഷ്യാക്കാരൻ എന്ന ബഹുമതിയും അച്ചാരുപറമ്പിൽ പിതാവിനു സ്വന്തം. ഇറ്റാലിയനിലും ഇംഗ്ലീഷിലുമായി പല ഗ്രന്ഥങ്ങളും പ്രൗഢസദസ്സുകൾക്കുമുന്നിൽ അവതരിപ്പിച്ച ഈടാർന്ന പ്രബന്ധങ്ങളും അദ്ദേഹത്തിന്റെ വകയായി നമുക്കു കിട്ടിയിട്ടുണ്ട്.

സർവഥാ അംഗീകരിക്കപ്പെട്ടതാണ് ഡാനിയേൽ പിതാവിന്റെ പാണ്ഡിത്യം. 1986-ൽ ജോൺ പോൾ രണ്ടാമൻ പാപ്പാ, ഭാരതസന്ദർശനം നടത്തുന്നതിനു മുന്നോടിയായി ഇവിടത്തെ വൈവിധ്യപൂർണവും നാനാത്വസമ്പന്നവുമായ സംസ്കാരധാരകളെക്കുറിച്ചു പഠിക്കാനും ചോദിച്ചറിയാനും തിരഞ്ഞെടുത്തത് ഡോ. അച്ചാരുപറമ്പിൽ പിതാവിനെയത്രേ. പ്രസിദ്ധ ഭാരതീയ യോഗിവര്യൻ ശ്രീ. അരോബിന്ദോയുടെ ദർശനങ്ങളിൽ ഗവേഷണം നടത്തി പരിപക്വതയാർജിച്ച അദ്ദേഹത്തെക്കാൾ മികച്ച ഒരു പണ്ഡിതനെ ഇക്കാര്യത്തിൽ കിട്ടാനില്ല എന്ന് പാപ്പാ നേരത്തേ മനസ്സിലാക്കിയിരുന്നു.

വിദ്യാഭ്യാസരംഗത്തെ അപര്യാപ്തതകളാണ് അതിരൂപതയുടെ വളർച്ചയ്ക്കു വിഘാതമാകുന്നതെന്ന് അച്ചാരുപറമ്പിൽപിതാവു കണ്ടറിഞ്ഞു. അതിനുള്ള പരിഹാരമാർഗങ്ങളിൽ അദ്ദേഹം മനസ്സൂന്നി. ഒരു കുടുംബത്തിലെ ഒരംഗത്തിനെങ്കിലും കഴിവതും വേഗം ഉന്നതവിദ്യാഭ്യാസം കരഗതമാകുന്നരീതിയിലുള്ള ഒരു തീവ്രയത്നം തത്ക്ഷണം തുടങ്ങണമെന്നദ്ദേഹം അഭിദർശിച്ചു. അതിന്റെ ഫലമായി രൂപം കൊണ്ടതാണ് നവദർശൻ പദ്ധതിയും എഡ്യൂവിഷൻ 20 20 പരിപാടിയും. ചെറുപ്പത്തിലേ സമർഥരായ വിദ്യാർഥികളെ കണ്ടെത്തി ഉത്തമ ശിക്ഷണം ചിട്ടയായി നല്കുകയാണു വേണ്ടത്. അതിനൊരിക്കലും പണം തടസ്സമാകരുത്. സമുദായാംഗങ്ങളുടെ സഹകരണത്തോടെ പത്തുവർഷം കൊണ്ടു പത്തുകോടി സമാഹരിക്കാൻ അദ്ദേഹം പരിപാടിയിട്ടു. അതു വിജയിക്കുമെന്ന് തീർച്ചയാണ്. ഇതിന്റെയെല്ലാം സദ്ഫലങ്ങൾ സമുദായം കണ്ടുകഴിഞ്ഞു. ഇപ്പോൾ നവദർശൻ, സിവിൽ സർവീസ് പരീക്ഷ ഉൾപ്പെടെ പല പല കോഴ്സുകൾക്കും പഠന-പരിശീലനപരിപാടികൾ നടത്തിവരുന്നു.

ആതുരശുശ്രൂഷാരംഗത്തെ അതിരൂപതാ സംരംഭങ്ങൾ കാര്യക്ഷമമാക്കാൻ അക്ഷീണയത്നം തന്നെ അച്ചാരുപറമ്പിൽ പിതാവ് നടത്തുകയുണ്ടായി. അക്ഷരാർഥത്തിൽ ലൂർദ് ആശുപത്രി ഒരു മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി ഉയർന്നുകഴിഞ്ഞു. അദ്ദേഹം തുടക്കമിട്ട ലൂർദ് ഹാർട്ട് കെയർ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ ഏറ്റവും മികച്ച ഒന്നായി വളർന്നിരിക്കുന്നു. ക്രിസ്തുവിന്റെ തിരുപ്പിറവിയുടെ സ്മരണ നിലനിർത്താൻ ദ്വീപുമേഖലയായ വൈപ്പിൻ പെരുമ്പിള്ളിയിൽ 2000-ൽ ക്രിസ്തു ജയന്തി ഹോസ്പിറ്റൽ സ്ഥാപിച്ചതും എടുത്തുപറയണം. ലൂർദ് നഴ്സിങ് കോളെജ് 'സിദ്ധിസദൻ' കാക്കനാട്ട് രോഗീപരിചരണവിഷയങ്ങളിൽ നടത്തുന്ന പഠന-പരിശീലനകോഴ്സുകളും ഏറെ ശ്ലാഘിക്കപ്പെട്ടിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഒരു കുതിച്ചുകയറ്റം തന്നെ അച്ചാരുപറമ്പിൽ പിതാവിന്റെ കാലത്ത് അതിരൂപത നേടിക്കഴിഞ്ഞു. അക്വാകൾച്ചർ, ഇൻഡസ്ട്രിയൽ ഫിഷറീസ് പോലുള്ള പല കോഴ്സുകളും സെന്റ് ആൽബർട്സിൽ തുടങ്ങിയതിനു പുറമേ AIM (എയിം) എന്ന പേരിൽ മാനേജ്മെന്റ് എംബിഎ. കോഴ്സുകളുമാരംഭിച്ചു. എടുത്തുപറയേണ്ട ഏറ്റവും ശ്രദ്ധേയമായ മറ്റൊന്ന് കളമശ്ശേരിയിൽ പന്ത്രണ്ട് ഏക്കർ വിസ്തൃതിയുള്ള കുന്നിൻചരിവിൽ എഞ്ചിനീയറിങ് പഠനത്തിനായി AISAT (ഐസാറ്റ്) തുടങ്ങിയെന്നതാണ് പ്രഗല്ഭരായ അധ്യാപകരും മികച്ച കോഴ്സുകളും അവിടെയുണ്ട്. കോടികളാണ് ഇതിന്റെ മൂലധനം. കിടയറ്റ സൗകര്യങ്ങളാണ് അവിടെ ഒരുക്കിയിരിക്കുന്നത്. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവരിൽ 96 ശതമാനത്തിലേറെപ്പേർക്കും വിവിധസ്ഥാപനങ്ങളിൽ ഉന്നത ഉദ്യോഗലബ്ധിയുണ്ടാകുന്ന കാര്യവും എടുത്തുപറയണം.

സമുദായബോധവത്കരണം ലഭ്യമാക്കി പല സംരംഭങ്ങളും അച്ചാരുപറമ്പിൽ പിതാവ് ആസൂത്രണം ചെയ്തുകഴിഞ്ഞു. കേരള ടൈംസ് നിലച്ചുപോയ സാഹചര്യത്തിൽ, സമു

ദായത്തിന്റെ ആവശ്യങ്ങൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ അഖിലകേരളാടിസ്ഥാനത്തിൽ ലത്തീൻ സമുദായത്തിന്റെ പേരിൽ തുടങ്ങിയ 'ജീവനാദം' അതിവേഗം പ്രചരിച്ചുകൊണ്ടിരിക്കുന്നു.

കേരളത്തിലെ പ്രമുഖ തീർഥാടനകേന്ദ്രങ്ങളിലൊന്നായി വല്ലാർപാടത്തമ്മയുടെ ദേവാലയം മാറുന്നതിന് അദ്ദേഹം അശ്രാന്തപരിശ്രമം നടത്തി. അവിടെ നിരവധി നവീകരണ നിർമാണ പ്രവർത്തനങ്ങൾ മുഴുമിപ്പിച്ചു. പിതാവിന്റെ കാലത്താണ് ഈ ദേവാലയം ബസിലിക്കയായും ദേശീയതീർഥാടകേന്ദ്രമായും ഉയർത്തപ്പെട്ടത്. കേരളത്തിലെ ലത്തീൻ മെത്രാന്മാരുടെ സമിതിയായി കെ.ആർ.എൽ.സി.ബി.സി. സ്ഥാപിതമാക്കി. കേരളത്തിലെ ലത്തീൻ സഭയുടെ ഉന്നത നയരൂപവത്കരണ സമിതിയായി കെ.ആർ.എൽ.സി.സി. സ്ഥാപിക്കപ്പെട്ടു. എല്ലാ ലത്തീൻ രൂപതകളെയും ഒരു ചരടിൽ കോർത്തിണക്കി സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ ഉന്നമനത്തിന് ഇതെല്ലാം ധന്യനിമിത്തങ്ങളായി. അദ്ദേഹം അങ്ങനെ അനശ്വരയശസ്വിയായും തേജഃസ്മൃതികരനുമായി മാറിയിരിക്കുന്നു.

വരാപ്പുഴ അതിരൂപതയുടെ രണ്ടാമത്തെ തദ്ദേശീയ സഹായമെത്രാനായി അഭിവന്ദ്യ ജോസഫ് കാരിക്കശ്ശേരി നിയുക്തനാകുന്നതും അച്ചാരുപറമ്പിൽ പിതാവിന്റെ കാലത്താണ്. 2010 ഡിസംബർ 18-ന് കാരിക്കശ്ശേരി പിതാവ് കോട്ടപ്പുറം രൂപതയുടെ രണ്ടാമത് അധ്യക്ഷനായി.

2009 ഒക്ടോബർ 26-ാം തീയതിയാണ് അച്ചാരുപറമ്പിൽ പിതാവ് ദിവംഗതനായത്. തുടക്കക്കാരനായ ഡോ. സെബസ്ത്യാനി മുതൽ അവസാന വിദേശമെത്രാപ്പോലീത്തയായ ഏഞ്ചൽ മേരി വരെ എല്ലാവരും കർമലീത്തരായിരുന്നു. കൊർണേലിയൂസ് പിതാവിനു ശേഷം ഡാനിയേൽ പിതാവ് ചുമതലയേറ്റപ്പോൾ അതിരൂപതയുടെ ഭരണഭാരം കർമലീത്തരിൽ നിന്ന് വീണ്ടും കർമലീത്തരിൽ നിക്ഷിപ്തമായി. നിയതിയുടെ അപൂർവസുന്ദരമായ ഒരു ചാക്രിക പരിണാമമായിരുന്നു അത്.

വരാപ്പുഴ അതിരൂപതയുടെ അഞ്ചാമത്തെ ഏതദ്ദേശീയനായ മെത്രാപ്പോലീത്തയായി ചുമതലയേറ്റത് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ പിതാവാണ്. അവിഭക്ത വരാപ്പുഴ അതിരൂപതയുടെ വടക്കൻ മേഖല വിടർത്തി കോട്ടപ്പുറം ആസ്ഥാനമായി അതേപേരിൽ രൂപത നിലവിൽ വന്നത് 1987 ജൂലൈ 3-നാണ് എന്നു നേരത്തേ കണ്ടല്ലോ. പ്രഥമ ബിഷപ്പായി കല്ലറയ്ക്കൽ പിതാവ്, നാമഹേതുക വിശുദ്ധനായ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിനത്തിൽ 1987 ഒക്ടോബർ 4-ന് അഭിഷിക്തനായി. 23 വർഷത്തെ ശുശ്രൂഷയ്ക്കു ശേഷമാണ് 2010 ഫെബ്രുവരി 20-ാം തീയതി വരാപ്പുഴ ഭദ്രാസനാധിപനായി നിയുക്തനായത്. 2010 ഏപ്രിൽ 11-ന് വരാപ്പുഴ അതിരൂപതാധ്യക്ഷനായി അദ്ദേഹം സ്ഥാനമേറ്റു. ആ സ്ഥാനാരോഹണത്തിന് അത്യപൂർവമായൊരു ധന്യസവിശേഷതയുണ്ട്. ആർച്ചുബിഷപ് കൊർണേലിയൂസ് ഇലഞ്ഞിക്കൽ, ആർച്ചുബിഷപ് ഡാനിയേൽ അച്ചാരുപറമ്പിൽ എന്നിവർക്കു ശേഷം തുടർച്ചയായി വരാപ്പുഴയുടെ ആധ്യാത്മിക അധിപനാകുന്ന മൂന്നാമത്തെ കോട്ടപ്പുറം രൂപതാംഗമാണെന്നതാണ് ആ പരമവിശിഷ്ട ബഹുമതി.

വരാപ്പുഴയെ നേരത്തേ നന്നായി അടുത്തറിയാൻ അനുഗ്രഹമുണ്ടായ കല്ലറയ്ക്കൽ പിതാവിന് ഇതൊരു ആധ്യാത്മികശുശ്രൂഷാനിവർഹണത്തിന്റെ അനുസ്യൂതിയായിരുന്നു എന്നു പറയാം. അതിരൂപതയുടെ മുക്കും മൂലയും നന്നേ പരിചിതമാണദ്ദേഹത്തിന്. 23 നീണ്ട വർഷങ്ങൾക്കുശേഷമാണ് വരാപ്പുഴയിലെത്തിയതെങ്കിലും തറവാട്ടിലേക്കുള്ള രണ്ടാംവരവായി മാത്രമേ അദ്ദേഹത്തിന് ഇത് അനുഭവപ്പെട്ടു കാണൂ.

അഭിഭക്ത വരാപ്പുഴ അതിരൂപതാംഗമെന്ന നിലയിൽ വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലും വ്യക്തിമുദ്ര പതിക്കാൻ കല്ലറയ്ക്കൽ പിതാവിനു കഴിഞ്ഞിട്ടുണ്ട്. കേളന്തറപിതാവിന്റെ സെക്രട്ടറിയെന്ന ആദ്യനിയമനം തന്നെ സേവനശുശ്രൂഷകളാൽ അദ്ദേഹം ഉപരിഭാസുരമാക്കി. തുടർന്ന് അമേരിക്കയിലും റോമിലുമൊക്കെ പഠിച്ച് ജ്ഞാനവും പരിചയവും വിപുലമാക്കി. വരാപ്പുഴയിലെ ജനസേവാശുശ്രൂഷാവിഭാഗം ഇ.എസ്.എസ്.എസിന്റെ ഡയറക്ടർ എന്ന നിലയിൽ ജീവകാരുണ്യപ്രവർത്തന രംഗത്തും തനതുമുദ്ര പതിച്ചു. പിന്നീട് സി.ബി.സി.ഐ.യുടെ കീഴിലുള്ള ബംഗ്ലൂരുവിലെ സെന്റ് ജോൺസ് മെഡിക്കൽ കോളെജിന്റെ അഡ്മിനിസ്ട്രേറ്ററായി പാടവം തെളിയിച്ചു. തുടർന്ന് ഈ നാൾ വരെ അതിന്റെ ഗവേണിങ് ബോഡി അംഗമായിരുന്നു സിബിസിഐ

മെഡിക്കൽ വിദ്യാഭ്യാസവിഭാഗം ചെയർമാനായും സേവനം ചെയ്തിട്ടുണ്ട്.

1987-ൽ കോട്ടപ്പുറം രൂപത നിലവിൽ വന്നതോടെ പ്രഥമമെത്രാനായി ചുമതലയേറ്റ കല്ലറയ്ക്കൽ പിതാവ്, രൂപതയ്ക്ക് ഭദ്രമായ അസ്തിവാരമിട്ടു. ആധ്യാത്മികവും ഭൗതികവുമായ സർവതോമുഖവികാസമാണ് അദ്ദേഹത്തിന്റെ സംഭാവന. അതിൽ എന്നും വാഴ്ത്തപ്പെടുന്നത്, കിഡ്സ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന സംവിധാനമാണ്. അസംഘടിതതൊഴിലാളികളെയും നിരാലംബരായ സ്ത്രീജനങ്ങളെയും ശക്തിമത്കരിക്കാൻ നിരവധി കൈവഴികൾ കിഡ്സ് തുറന്നിട്ടു. ഗ്രാമതലങ്ങളെല്ലാം ഐശ്വര്യസമ്പൂർണമായ അവസ്ഥാന്തരം കൈവരിക്കാൻ ഇത് ഇടയാക്കി. ദേശീയതലത്തിൽത്തന്നെ ശ്രദ്ധേയമായിരുന്നു കല്ലറയ്ക്കൽ പിതാവിന്റെ ആസൂത്രിത ഇടപെടലുകൾ. സർക്കാരും സർക്കാരിതര ഏജൻസികളും ഇത്തരം വികസനപ്രവർത്തനങ്ങൾ നെഞ്ചേറ്റി. അഭിനന്ദനങ്ങളും പുരസ്കാരങ്ങളും രൂപതാധ്യക്ഷനെ തേടിയെത്തി.

യുവജനങ്ങളുടെ സർഗവാസനകൾ പരിപോഷിപ്പിക്കാൻ കല്ലറയ്ക്കൽ പിതാവ് ബദ്ധകങ്കണനായിരുന്നു. കലാകാരനും കലാ പ്രോത്സാഹകനുമായിരുന്നു അദ്ദേഹം. കോട്ടപ്പുറത്തെത്തിയനാൾ മുതൽ പ്രതിവർഷം നടത്തിപ്പോന്ന മെയ്മാസ കളരിയിലൂടെ നിരവധി യുവ എഴുത്തുകാരും കലാകാരന്മാരും വളർച്ച തേടി. പ്രാചീന ലത്തീൻക്രൈസ്തവകലാരൂപമായ ചവിട്ടുനാടകം പോലുള്ളവ അദ്ദേഹം കൈവളർത്തി.

കൃഷിക്കും മത്സ്യം വളർത്തലിനും കന്നുകാലി സംരക്ഷണത്തിനും പല പദ്ധതികളും ആവിഷ്കരിച്ചു. വികാസ് എന്ന ആധ്യാത്മിക-സാംസ്കാരികകേന്ദ്രം വഴി നവീനമായ പല ആശയങ്ങളിലൂടെയും മാനവികതാവികസനം സാധ്യമാക്കി. അല്മായസംഘടനകൾ ശക്തിപ്പെടുത്തി.

കോട്ടപ്പുറം രൂപതാമേഖലയുടെ സാംസ്കാരിക പൈതൃകം പൂർണമായും ഉൾക്കൊള്ളാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. പൗരാണിക മത-വാണിജ്യ-കലാസംസ്കൃതിയുടെ ഈടിരിപ്പുകളും നിധിനിക്ഷേപങ്ങളും ഉൾക്കൊള്ളുന്ന കൊടുങ്ങല്ലൂരിന്റെ മഹിമാതിരേകം അദ്ദേഹം സ്വാംശീകരിച്ചു. ഹിന്ദു-മുസ്ലീം-യഹൂദ-ബൗദ്ധപാരമ്പര്യവും പെരുമാൾപെരുമയുമുറങ്ങുന്ന മുസിരിസ്പാരമ്പര്യം ചിന്തയുടെ ഭാഗമാക്കി. അദ്ദേഹം പണികഴിപ്പിച്ച ബൃഹദ്നിർമിതിയായ സെന്റ് മൈക്കിൾസ് കത്തീഡ്രലിന്റെ രൂപകല്പനതന്നെ അതിമാത്രം ശ്രദ്ധേയമാണ്. ഭിന്നമതപശ്ചാത്തലത്തിൽ ഒറ്റതിരിഞ്ഞ് തലയുയർത്തി നില്ക്കുന്ന ക്രൈസ്തവ ദർശനത്തിന്റെ പ്രതിഫലനമാണ് കോട്ടപ്പുറം കത്തീഡ്രൽ എന്നു വിലയിരുത്തപ്പെടുന്നു. ഇതിന്റെയൊക്കെ അതിസമ്പന്നമായ മനോഭൂമികയിൽ ഭൗതികമായ നിരവധി നവീകരണങ്ങൾ അദ്ദേഹം വരാപ്പുഴയിലും നടത്തി. ചാവറയച്ചൻ മരണത്തിനു മുമ്പു താമസിച്ചിരുന്നതും മരണത്തെത്തുടർന്ന് സംസ്കരിക്കപ്പെട്ടതും പൂജ്യാവശിഷ്ടങ്ങൾ ഇന്നും കുടികൊള്ളുന്നതുമായ കൂനമ്മാവ് സെന്റ് ഫിലോമിനാ ദേവാലയം ശ്രദ്ധേയമായ ഒരു തീർഥാടനകേന്ദ്രമായി ഉയർത്താൻ അദ്ദേഹം പരിശ്രമിച്ചു.

അതിരൂപതയുടെ സമഗ്രനവീകരണം മുൻനിർത്തി രണ്ടുവർഷക്കാലത്തെ ക്രമവത്കൃതമായ ഒരുക്കത്തിനുശേഷം 2015 ഏപ്രിൽ മുതൽ 12 വരെ ആശീർഭവനിൽ നടത്തപ്പെട്ട അതിരൂപതാ സിനഡാണ് കല്ലറയ്ക്കൽ പിതാവിനെ നിതാന്തകാന്തിമാനാക്കുന്ന ചരിത്രസംഭവം. 'നവജീവനിലേക്ക് ഒരു തീർഥാടനം' എന്ന ആദർശവാക്യത്തോടെ നടത്തിയ ഈ സിനഡിന്റെ സദ്ഫലങ്ങൾ അതിരൂപതഅനുഭവിച്ചുതുടങ്ങിയിരിക്കുന്നു. സിനഡനന്തരകർമപരിപാടികൾ സജീവമാക്കിത്തുടങ്ങിയ ഘട്ടത്തിലാണ് 75 വയസ്സു പൂർത്തിയായതിനെത്തുടർന്ന് അദ്ദേഹം വിരമിക്കുന്നത്. കോട്ടപ്പുറം രൂപതാധ്യക്ഷനായിരിക്കേ നടത്തിയ രൂപതാസിനഡിൽ നിന്നു കൈവരിച്ച അനുഭവസമ്പത്ത്, വരാപ്പുഴ അതിരൂപതയിലെ സിനഡുസംഘാടകത്വത്തിലും നിർവഹണത്തിലും അദ്ദേഹത്തെ ദീപസ്തംഭവും മേഘത്തൂണുമെന്നോണം വഴിനടത്തി. രണ്ടു രൂപതകളിലായി രണ്ടു സിനഡുകൾ നടത്തിയ രൂപതാധ്യക്ഷൻ എന്ന അതിവിരളഖ്യാതിയും അദ്ദേഹത്തിനു സ്വന്തം.

മൂന്നു നൂറ്റാണ്ടിലെറെക്കാലത്തെ അനുഗ്രഹീതപൈതൃകമുള്ള വരാപ്പുഴ അതിരൂപതയെ നയിക്കാൻ തദ്ദേശീയനായ ആറാമത്തെ മെത്രാപ്പോലീത്തയായി അതിരൂപതാംഗമായ അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിലിനെ 2016 ഒക്ടോബർ 31-നു പുറപ്പെടുവിച്ച അപ്പസ്തോലിക വിളംബരത്തിലൂടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നിയമിച്ചു.

അഭിനവമെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിൽ അതിരൂപതയ്ക്ക് സർവഥാ പരിചിതനായ ശ്രേഷ്ഠവൈദികനത്രേ. അതിരൂപതാ കത്തീഡ്രൽ സഹവികാരിയായിരിക്കേ, ഉപരിപഠനത്തിന് റോമിൽ പോയി കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം 1984 മുതൽ 1989 വരെ അവിടെ സെന്റ് പോൾസ് കോളെജിൽ വൈസ് റെക്ടറായിരുന്നു. അതിനുള്ള അംഗീകാരമെന്ന നിലയിലാണ് മോൺസിഞ്ഞോർ പദവി ലഭിക്കുന്നത്. 1989 മുതൽ 1996 വരെ വരാപ്പുഴയുടെ ചാൻസലർ സ്ഥാനത്തുണ്ടായിരുന്നു. ഡാനിയേൽ പിതാവിന്റെ കാലത്താണ് വികാർ ജനറലായി നിയമിക്കപ്പെട്ടത്. തുടർന്ന് 2002 മെയ് 19-ാം തീയതി കോഴിക്കോട് രൂപതയുടെ മെത്രാനായി ചുമതലയേറ്റു. അവിടെ സ്തുത്യർഹമായ സേവനം ചെയ്തുവരവേയാണ്, 2011 മുതൽ റോമിൽ പ്രവാസികളും കുടിയേറ്റക്കാരുമായ ക്രൈസ്തവർക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കമ്മീഷൻ സെക്രട്ടറിയായി നിയമിതനായത്. ജനങ്ങളുടെ സുവിശേഷവത്കരണത്തിനുള്ള തിരുസംഘത്തിലും അംഗമായിരിക്കേയാണ് വരാപ്പുഴ അതിരൂപതാധ്യക്ഷനായി നാമനിർദേശം ലഭിക്കുന്നത്. 2016 ഡിസംബർ 18-ാം തീയതി ഞായറാഴ്ച സുപ്രസിദ്ധ മരിയൻ തീർഥാടനകേന്ദ്രമായ പരിശുദ്ധ വല്ലാർപാടത്തമ്മയുടെ ബസിലിക്കാങ്കണത്തിൽ വച്ച് വരാപ്പുഴ അതിരൂപതാധ്യക്ഷനായി ചുമതലയേറ്റു.

എഴുപത്തഞ്ചു വയസ്സു തികയുമ്പോൾ കത്തോലിക്കാപുരോഹിതരെല്ലാം ഔദ്യോഗിക ചുമതലകളിൽ നിന്നു വിരമിക്കണമെന്ന റോമിന്റെ നിർദേശമനുസരിച്ച്, കാനൻ നിയമത്തിന്റെ സത്ത ഉൾക്കൊണ്ടാണ് 2016-ാമാണ്ട് കല്ലറയ്ക്കൽ പിതാവ് വരാപ്പുഴയുടെ ചുമതലയിൽ നിന്നു സ്വയംനിവർത്തിതനാകുന്നത്. തുടർന്ന്, ശുശ്രൂഷയ്ക്കെത്തുന്ന കളത്തിപ്പറമ്പിൽ പിതാവിന്റെ ആദർശസൂക്തം സൂക്ഷ്മവേദിയും സൂക്ഷ്മവേധിയുമത്രേ- 'സൂപ്പർ ഓംനിയാ ഇൻ കാരിത്താത്തേ': സ്നേഹം സർവോത്കൃഷ്ടം. 1 കോറിന്തോസ് 13-ാം അധ്യായം 13-ാം വാക്യമാണിത്. ഇതിന്റെ അന്തഃസത്ത പിതാവിന്റെ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും തിടം വയ്ക്കുന്നു.

വത്തിക്കാനിൽ പൊന്തിഫിക്കൽ കമ്മീഷൻ സെക്രട്ടറിയായിരിക്കേ, ഫ്രാൻസിസ് പാപ്പായുടെ തൊട്ടടുത്തമുറിയിലായിരുന്നു താമസം. അങ്ങനെ പരിശുദ്ധ പിതാവിന്റെ മനോവികാരങ്ങളും ആത്മവിചാരങ്ങളും തൊട്ടറിയാൻ കഴിഞ്ഞിട്ടുണ്ട്. ആടുകളുടെ ഗന്ധം നെഞ്ചിലേറ്റു വാങ്ങേണ്ടവരാണ് ഇടയന്മാർ എന്ന പക്ഷക്കാരനാണല്ലോ പാപ്പാ. അതു തന്നെയാണ് കളത്തിപ്പറമ്പിൽ പിതാവിന്റെയും മനോവ്യാപാരം. അക്ഷരാർഥത്തിൽ അദ്ദേഹം അജഗണങ്ങളുടെ ചൂരും ചൂടുമറിയുന്ന ഇടയനായിരിക്കും.

വരാപ്പുഴ അതിരൂപതാമാതാവിന്റെ ആത്മീയ പുത്രന്മാരായി സഭാശുശ്രൂഷ ചെയ്യുന്ന മറ്റു വൈദികാധ്യക്ഷന്മാരെയും പ്രാർഥനാപൂർവം നമുക്കോർക്കാം. വത്തിക്കാന്റെ വിദേശനയതന്ത്രവിഭാഗത്തിൽ സേവനമനുഷ്ഠിച്ച ആർച്ചുബിഷപ് ഫ്രാൻസിസ് അസ്സീസി ചുള്ളിക്കാട്ടാണ് അവരിൽ ആദ്യം അനുസ്മരിക്കേണ്ടയാൾ. അദ്ദേഹം യുണൈറ്റഡ് നേഷൻസ് സംഘടനയുടെ മുൻ അപ്പസ്തോലിക് പ്രതിനിധിയാണ്. ഓസ്ട്രാ രൂപതയുടെ സ്ഥാനികമെത്രാനുമാണദ്ദേഹം. ഇപ്പോൾ സ്ഥിരം പേപ്പൽ പ്രതിനിധിയാണ്. ജാൻസി ബിഷപ്പായി ആധ്യാത്മിക ശുശ്രൂഷ നടത്തുന്ന റൈറ്റ് റവ. ഡോ. പീറ്റർ പറപ്പിള്ളി, കണ്ണൂർ ബിഷപ് റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല എന്നിവരും അതിരൂപതയുടെ യശസ്സുയുർത്തുന്നു.

വരാപ്പുഴ അതിരൂപതയുടെ ആധ്യാത്മികഗരിമ ഉദാഹരിക്കുന്ന ധന്യരും ദൈവദാസരും ഇവിടെ സവിശേഷ പരാമർശമർഹിക്കുന്നു. വിദേശ കർമലീത്താ മിഷണറിമാരായി ഇവിടെ സേവനമനുഷ്ഠിച്ച മൂന്നുപേർ-ഫാ. വിൻസെന്റ്, ഫാ. സക്കറിയാസ്, ഫാ. ഔറേലിയൻ - ധന്യപദവിയിലെത്തിയിട്ടുണ്ട്. ഫാ. തിയോഫിൻ കപ്പുച്ചിൻ, ഫാ. ജോർജ് വാകയിൽ എന്നിവരും സി.റ്റി.സി. സഭാസ്ഥാപിക മദർ ഏലീശ്വ വാകയിൽ, സി.എസ്.എസ്.ടി. സ്ഥാപിക മദർ റോസ് ഡി ലീമ എന്നീ സന്ന്യാസിനിമാരും 'ദൈവദാസർ' പദവിയിൽ എത്തിയിരിക്കുന്നു. അതിരൂപതാമക്കൾക്ക് ആധ്യാത്മികമായ ആനന്ദം ഓഹരിയാക്കിത്തരുന്ന ഇവർ, അതിരൂപതയുടെ ശ്രേയസ്സിന് ദൈവവരദാനങ്ങൾ പെരുമഴപ്പെയ്ത്തുപോലെ കോരിച്ചൊരിഞ്ഞു തരും.

ഡോ. ജോസഫ് സെബസ്ത്യാനി മുതൽ എയ്ഞ്ചൽ മേരി വരെ 19 അന്യദേശീയരായ കർമലീത്താ മെത്രാന്മാരുടെയും ഡോ. ജോസഫ് അട്ടിപ്പേറ്റി മുതൽ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ വരെയുള്ള ആറു തദ്ദേശീയമെത്രാപ്പോലീത്തമാരുടെയും ആധ്യാത്മി

കശുശ്രൂഷയുടെ നല്വരങ്ങൾ നുകരാൻ നിയോഗമുണ്ടായ വരാപ്പുഴ, നീർച്ചാലിനരികേ നട്ട ഒലിവുമരം പോലെ ഫലമണിയും. ഈ മാതാവൃക്ഷത്തിന്റെ തണലിടങ്ങളിൽ, പുതിയ ആകാശവും പുതിയ ഭൂമിയും സ്വപ്നം കണ്ട്, ചരിത്രപൈതൃകങ്ങളിൽ അഭിരമിച്ച്, കൃതജ്ഞതാസങ്കീർത്തനങ്ങൾ പാടി നമുക്ക് കർമോദ്യുക്തരാകാം.

വരാപ്പുഴയുടെ പ്രഥമ ആസ്ഥാനവും കത്തീഡ്രൽ ദേവാലയവും വരാപ്പുഴ ദ്വീപിൽ ആയിരുന്നല്ലോ. ജലവാഹനങ്ങൾ മാത്രം ഉപയോഗിച്ചായിരുന്നു അന്നത്തെ ഗതാഗതങ്ങളെല്ലാം. ദ്വീപിന്റെ സഹജപരിമിതിയും മഹാനഗരമായി വളർന്നുകൊണ്ടിരിക്കുന്ന എറണാകുളത്തിന്റെ ഭാവിവികസനവും മനസ്സിൽക്കണ്ട ക്രാന്തദർശിയായ ബെർണാർഡ് അർഗ്വിൻസോണിസ് മെത്രാപ്പോലീത്ത, അതിന്റെ വെളിച്ചത്തിൽ അതിരൂപതാ ആസ്ഥാനമന്ദിരം എറണാകുളത്തേക്ക് മാറ്റി സ്ഥാപിച്ചു. 1905-ലാണ് ചരിത്രപ്രാധാന്യമാർന്ന ഈ കൂടുമാറ്റം നടക്കുന്നത്. പ്രസിദ്ധ സ്പാനിഷ് വാസ്തുശില്പി ബ്രദർ ലിയോ ഒ.സി.ഡി. രൂപകല്പന ചെയ്ത ഈ മോഹനമന്ദിരം എറണാകുളം കായല്പരപ്പിനരികേ തലയുയർത്തി നിന്നു. പിന്നീടാണ് അതിനു പടിഞ്ഞാറേപ്പുറം ഷൺമുഖം റോഡും മറൈൻഡ്രൈവും വന്നത്.

വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെട്ട മൂന്നു പേർ ഇവിടെ അതിഥികളായി താമസിച്ചിട്ടുണ്ട്. വിശുദ്ധ മാക്സ്മില്യൻ കോൾബേ 1932 ജൂൺ 26, 27 തീയതികളിൽ ഇവിടം സന്ദർശിച്ചു. 1986 ഫെബ്രുവരി 6, 7 തീയതികളിൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ ഇവിടെ അന്തിയുറങ്ങി. കൊർണേലിയൂസ് പിതാവിന്റെ കാലത്ത് വിശുദ്ധ മദർ തെരേസ ഒന്നിലേറെ പ്രാവശ്യം ഇവിടെ അതിഥിയായി എത്തിയിട്ടുണ്ട്. കത്തോലിക്കാ സഭയിലെ മൂന്നു വിശുദ്ധരെ ആദരപൂർവം സ്വീകരിക്കാൻ മറ്റൊരു രൂപതാആസ്ഥാനമന്ദിരത്തിനും ഇങ്ങനെയൊരു മഹിതവരം കിട്ടിയിട്ടില്ല...

വരാപ്പുഴ അതിരൂപത, തിരുകുടുംബത്തിന്റെ സംരക്ഷിതാവും പഥസഞ്ചാലകനുമായ വിശുദ്ധയൗസേപ്പിനു സമർപ്പിതമത്രേ. അവിടന്നാണ് അതിരൂപതയുടെ കാവൽവിശുദ്ധൻ. ക്ഷാമകാലത്തും വറുതിനാളിലും ഈജിപ്തിന്റെ ധാന്യപ്പുരകൾ പഴയനിയമത്തിലെ ജോസഫിന്റെ സൂക്ഷത്തിലായിരുന്നു. ധാന്യം തേടിച്ചെന്നവർക്കു കിട്ടിയ നിർദേശമോർക്കാം: 'നിങ്ങൾ ജോസഫിന്റെ അടുക്കലേക്കുചെല്ലുക; അവൻ നിങ്ങളോടു പറയുന്നപോലെ ചെയ്യുക' (ഉത് 41:55).

അതിരൂപതയ്ക്ക് ഒരാവശ്യം വരുമ്പോൾ, നമുക്ക് വിശുദ്ധ ജോസഫിന്റെ അടുക്കലേക്കു ചെല്ലാം. കാരണം, അവിടെ അനുഗ്രഹങ്ങളുടെ ധാന്യപ്പുരകളും അതിന്റെയെല്ലാം സൂക്ഷിപ്പുകാരനായി സുകൃതധനപതി ജോസഫുമുണ്ടല്ലോ!

